

# എല്ലാ കാര്യങ്ങൾക്കും ഒരു സമയം

ആശിഷ് റൈച്ചൂർ

സൗജന്യ വിതരണത്തിനു വേണ്ടി മാത്രമുള്ളത്
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ളൂർ, ഇന്ത്യ.
ആദ്യ പതിപ്പിന്റെ അച്ചടി: ഒക്ടോബർ 2005
പരിഷ്കരിച്ച പതിപ്പിന്റെ അച്ചടി: മാർച്ച് 2020
പരിഷ്കരിച്ച ഡിജിറ്റൽ പതിപ്പ്: ജൂൺ 2021

**ബന്ധപ്പെടേണ്ട വിലാസം:**

All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout, 2nd Block,
Kalyan Nagar, Bangalore 560 043 Karnataka, INDIA

Phone: +91-80-25452617
Email: bookrequest@apcwo.org
Website: **apcwo.org**

നൽകപ്പെട്ടിരിക്കുന്ന തിരുവെഴുത്തിന്റെ ഉദ്ധരണികളെല്ലാം വിശുദ്ധ വേദപുസ്തകത്തിന്റെ, ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ ബൈബിളിൽ നിന്നാണ് എടുത്തിരിക്കുന്നത്.

ബൈബിൾ നിർവ്വചനങ്ങളും എബ്രായ, ഗ്രീക്ക് പദങ്ങളും അവയുടെ അർത്ഥങ്ങളും താഴെ പറയുന്ന ഗ്രന്ഥങ്ങളിൽ നിന്നും എടുത്തിട്ടുള്ളവയാണ്:
Thayer's Greek Definitions. Published in 1886, 1889; public domain.
Strong's Hebrew and Greek Dictionaries, Strong's Exhaustive Concordance by James Strong, S.T.D., LL.D. Published in 1890; public domain.
Vine's Complete Expository Dictionary of Old and New Testament Words, © 1984, 1996, Thomas Nelson, Inc., Nashville, TN.

**സാമ്പത്തിക സഹകരണം**

ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും പങ്കാളികളുടെയും അഭ്യുദയകാംഷികളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾക്ക് പ്രയോജനം ലഭിച്ചു എങ്കിൽ ഓൾ പീപ്പിൾസ് ചർച്ച് സൗജന്യമായി പ്രസിദ്ധീകരിക്കുന്ന എല്ലാ പ്രസിദ്ധീകരണങ്ങളും അച്ചടിക്കുന്നതിനും വിതരണത്തിനുമായി സാമ്പത്തികമായ സംഭാവനകൾ ഞങ്ങൾ നിങ്ങളിൽ നിന്നും ക്ഷണിക്കുന്നു. നിങ്ങളുടെ സംഭാവനകൾ എങ്ങനെ നൽകാമെന്നതിനെക്കുറിച്ച് ദയവായി **apcwo.org/give** സന്ദർശിക്കുക. അല്ലെങ്കിൽ ഈ പുസ്തകത്തിന്റെ മറുവശത്തുള്ള "ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളി" എന്ന പുറം കാണുക. നന്ദി!

**മെയിലിംഗ് ലിസ്റ്റ്**

പ്രസിദ്ധീകരിക്കപ്പെടുന്ന പുതിയ പുസ്തകങ്ങൾ നിങ്ങൾക്ക് ലഭിക്കേണ്ടതിന് നിങ്ങളുടെ വിലാസം ഞങ്ങളുടെ പട്ടികയിൽ ചേർക്കുവാൻ നിങ്ങൾ താൽപ്പര്യപ്പെടുന്നുവെങ്കിൽ, താങ്കളുടെ ശരിയായ വിലാസം ഞങ്ങൾക്ക് താഴെപറയുന്ന ഇമെയിലിൽ അയച്ചുതരിക: bookrequest@apcwo.org

# എല്ലാ കാര്യങ്ങൾക്കും ഒരു സമയം

# ഉള്ളടക്കം


1. സമയം ദൈവം കാണുന്നതു പോലെ 1

2. സമയത്തെ തിരിച്ചറിയുകയും വിനിയോഗിക്കുകയും ചെയ്യുക 7

3. സമയങ്ങളും കാലഘട്ടങ്ങളും മനസ്സിലാക്കുക 16

4. വിവേചനത്തോടെ നമ്മുടെ ജീവിതത്തെ ക്രമീകരിക്കുക 28

5. സമയത്തിന്റെ പുനഃസ്ഥാപനം 35

# 1. സമയം ദൈവം കാണുന്നതു പോലെ

**സഭാപ്രസംഗി 3:1-8**

**1 എല്ലാറ്റിന്നും ഒരു സമയമുണ്ടു; ആകാശത്തിൻ കീഴുള്ള സകലകാര്യത്തിന്നും ഒരു കാലം ഉണ്ടു.**
**2 ജനിപ്പാൻ ഒരു കാലം, മരിപ്പാൻ ഒരു കാലം; നടുവാൻ ഒരു കാലം, നട്ടതു പറിപ്പാൻ ഒരു കാലം; കൊല്ലുവാൻ ഒരു കാലം, സൌഖ്യമാക്കുവാൻ ഒരു കാലം;**
**3 ഇടിച്ചുകളവാൻ ഒരു കാലം, പണിവാൻ ഒരുകാലം,**
**4 കരവാൻ ഒരു കാലം ചിരിപ്പാൻ ഒരുകാലം; വിലപിപ്പാൻ ഒരു കാലം, നൃത്തം ചെയ്‌വാൻ ഒരു കാലം;**
**5 കല്ലു പെറുക്കിക്കളവാൻ ഒരു കാലം, കല്ലു പെറുക്കിക്കൂട്ടുവാൻ ഒരു കാലം; ആലിംഗനം ചെയ്‌വാൻ ഒരു കാലം, ആലിംഗനം ചെയ്യാതിരിപ്പാൻ ഒരു കാലം;**
**6 സമ്പാദിപ്പാൻ ഒരു കാലം, നഷ്ടമാവാൻ ഒരു കാലം; സൂക്ഷിച്ചുവെപ്പാൻ ഒരു കാലം, എറിഞ്ഞുകളവാൻ ഒരു കാലം;**
**7 കീറുവാൻ ഒരു കാലം, തുന്നുവാൻ ഒരു കാലം; മിണ്ടാതിരിപ്പാൻ ഒരു കാലം, സംസാരിപ്പാൻ ഒരു കാലം;**
**8 സ്നേഹിപ്പാൻ ഒരു കാലം, ദ്വേഷിപ്പാൻ ഒരു കാലം; യുദ്ധത്തിന്നു ഒരു കാലവും സമാധാനത്തിന്നു ഒരു കാലവും ഉണ്ടു.**

**സഭാപ്രസംഗി 3:11**

**അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു. എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല.**

**ദാനിയേൽ 2:21**

**അവൻ കാലങ്ങളെയും സമയങ്ങളെയും മാറ്റുന്നു; അവൻ രാജാക്കന്മാരെ നീക്കുകയും രാജാക്കന്മാരെ വാഴിക്കയും ചെയ്യുന്നു; അവൻ ജ്ഞാനികൾക്കു ജ്ഞാനവും വിവേകികൾക്കു ബുദ്ധിയും കൊടുക്കുന്നു.**

“സമയം എത്രയായി?” എന്നത് നമുക്കെല്ലാവർക്കും സുപരിചിതമായ പലപ്പോഴും ആവർത്തിക്കുന്ന ഒരു ചോദ്യമാണ്. ഇന്നത്തെ അതിവേഗ ലോകത്ത്, ആളുകൾ ഘടികാരം പ്രവർത്തിക്കുന്നതുപോലെ ഓടുന്നതായി തോന്നുന്നു. വാസ്തവത്തിൽ, നമ്മിൽ ഭൂരിഭാഗവും നമ്മുടെ ജീവിതം മുഴുവൻ ഘടികാരത്തിന് ചുറ്റും ക്രമീകരിക്കാൻ

ആഗ്രഹിക്കുന്നു. ഘടികാരത്തിന് -സമയത്തിന് -നമ്മുടെ ജീവിതത്തിന്മേൽ ശക്തമായ പിടിയുണ്ടെന്ന് തോന്നുന്നു. ശരിയായ സമയത്ത് ശരിയായ കാര്യം ചെയ്യുക, ശരിയായ സമയത്ത് ശരിയായ സ്ഥലത്ത് ആയിരിക്കുക, ശരിയായ സമയത്ത് ശരിയായ കാര്യം പറയുക-ഇവയെല്ലാം നമുക്ക് വളരെയധികം അർത്ഥമാക്കുന്നതാണ്. അതേസമയം തന്നെ, സമയം "ലാഭിക്കുന്നതിനുള്ള" വഴികളും മാർഗങ്ങളും കണ്ടെത്തുന്നതിന് വളരെയധികം പരിശ്രമം നടത്തുകയും ചെയ്യുന്നു.

ലോകസ്ഥാപനം മുതൽ അല്ലെങ്കിൽ ഒരുപക്ഷേ കഴിഞ്ഞ കാല നിത്യത മുതൽ-അജ്ഞാതകാലം മുതൽ ഇന്നുവരെ അടിച്ചുകൊണ്ടിരിക്കുന്ന ഒരു ഘടികാരം ദൈവത്തിനുണ്ട് എന്ന വസ്തുത പരിഗണിക്കാൻ നിങ്ങൾ എപ്പോഴെങ്കിലും നിന്നിട്ടുണ്ടോ (തയ്യാറായിട്ടുണ്ടോ)? നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിനും ദൈവത്തിന് ഒരു ഘടികാരം ഉണ്ടെന്ന് നിങ്ങൾക്കറിയാമോ? നിങ്ങളുടെ കൈത്തണ്ടയിലെ വാച്ചിന്റെയോ ചുമരിലെ ഘടികാരത്തിനേയോ അനുസരിച്ചല്ല, മറിച്ച് ദൈവത്തിന്റെ ഘടികാരത്തിനനുസരിച്ച് നിങ്ങളുടെ ജീവിതം ക്രമീകരിക്കാൻ നിങ്ങൾ എപ്പോഴെങ്കിലും ശ്രമിച്ചിട്ടുണ്ടോ, അല്ലെങ്കിൽ ആഗ്രഹിച്ചിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിലെ ഏത് സമയത്തും നിങ്ങൾ ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ നിങ്ങൾ അവന്റെ സമയത്തിനനുസരിച്ച് ചെയ്യുന്നത് നിങ്ങൾക്ക് എത്ര പ്രാധാന്യമർഹിക്കുന്നതാണ്? കൂടാതെ, നിങ്ങളുടെ ജീവിതത്തിനായി നിശ്ചയിച്ചിരിക്കുന്ന സമയത്ത്, അവൻ ആഗ്രഹിക്കുന്നതുപോലെ നിങ്ങൾ ആയിത്തീരുന്നത് നിങ്ങൾക്ക് എത്ര പ്രധാനമാണ്?

ഇവ വെല്ലുവിളി നിറഞ്ഞ ചോദ്യങ്ങളാണ്, ദൈവത്തിന്റെ ഘടികാരത്തിലൂടെ നമ്മുടെ ജീവിതത്തെ അറിയാനും ക്രമപ്പെടുത്താനും പഠിക്കേണ്ടത് തീർച്ചയായും പ്രധാനമാണ്. വ്യക്തികൾ എന്ന നിലയിൽ നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ സമയം തിരിച്ചറിയാനും മനസ്സിലാക്കാനും ഈ പുസ്തകം സഹായിക്കും.

## ദൈവത്തിന്റെ ഘടികാരം

**അ.പ്രവൃത്തികൾ 1:6-7**

**6 ഒരുമിച്ചു കൂടിയിരുന്നപ്പോൾ അവർ അവനോടു: കർത്താവേ, നീ യിസ്രായേലിന്നു ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കിക്കൊടുക്കുന്നതു എന്നു ചോദിച്ചു.**
**7 അവൻ അവരോടു: പിതാവു തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ (ഗ്രീക്കിൽ. ക്രോണോസ്) സമയങ്ങളേയോ (ഗ്രീക്കിൽ. കെയ്റോസ്) അറിയുന്നതു നിങ്ങൾക്കുള്ളതല്ല.**

ദൈവത്തിന് ഒരു സമയ ക്രമം ഉണ്ട്, ഒരു നിർദ്ദിഷ്ട ക്രമവും സമയവും, അതിൽ അവൻ ആസൂത്രണം ചെയ്ത സംഭവങ്ങൾ വെളിപ്പെടുത്തുന്നു. അവൻ തന്റെ സമയത്തിനനുസരിച്ച് പ്രവർത്തിക്കുന്നു. അവൻ സംസാരിക്കുകയും അതിന്റെ സമയത്ത് തന്റെ വചനം നിറവേറ്റുകയും ചെയ്യുന്നു. ദൈവം പറയുന്ന വാക്കുകൾ "*തക്ക സമയത്തുതന്നെ നിവൃത്തിയേറും*" (ലൂക്കാ 1:20). ദൈവം പറഞ്ഞ കാര്യങ്ങൾ "*അവസാനകാലം വരെ മുദ്രയിട്ടിരിക്കുന്നു*" (ദാനിയേൽ 12:9). ദൈവത്തിന്റെ "ഘടികാരത്തിൽ" "സമയത്തിന്റെ പൂർണ്ണത" അല്ലെങ്കിൽ "തക്ക സമയം" എന്ന് വിളിക്കപ്പെടുന്നവയുണ്ട്. ഇത് ഏറ്റവും ഉചിതവും അനുയോജ്യവും സൗകര്യപ്രദവുമായ സമയത്തെ സൂചിപ്പിക്കുന്നു - അത് പാകമാകുന്ന സമയം - ശരിയായ സമയം ആണ്. ഉദാഹരണത്തിന്, രക്ഷകന്റെ വരവ് വാഗ്ദാനം ചെയ്യുന്ന ഏദെനിക് ഉടമ്പടി ഉല്പത്തിയുടെ മൂന്നാം അധ്യായത്തിൽ ഉണ്ടാക്കിയെങ്കിലും, ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷമാണ് യേശു ചരിത്രത്തിലേക്ക് കാലെടുത്തുവച്ചത്. എന്തിനായിരുന്നു ഇത്രയും കാത്തിരിപ്പ്? ബൈബിൾ വിശദീകരിക്കുന്നു, "*കാലത്തിന്റെ സമ്പൂർണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു*" (ഗലാത്യർ 4:4). 'കെയ്റോസ്' നിമിഷത്തിൽ - ചരിത്രത്തിലെ ഏറ്റവും അനുയോജ്യമായ സമയം, ശരിയായ സമയം - കർത്താവായ യേശു ഈ ലോകത്തിലേക്ക് കാലെടുത്തുവച്ചു. ദൈവത്തിന്റെ ശാശ്വതമായ ഉദ്ദേശ്യവും അതുപോലെ നിറവേറും. "*അവനിൽ താൻ മുന്നിർണ്ണയിച്ച തന്റെ പ്രസാദത്തിന്നു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോടു അറിയിച്ചു. അതു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥെക്കായിക്കൊണ്ടു തന്നേ." (എഫെസ്യർ 1:9-10).* ദൈവം *"ലോകത്തെ നീതിയോടെ വിധിക്കാൻ ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു" (അ.പ്രവൃത്തികൾ 17:31).*

അതിനാൽ, ദൈവം മുൻകൂട്ടി നിശ്ചയിച്ചത് തന്റെ പരമാധികാരത്തിൽ നിറവേറ്റുന്നതിന് സംഭവങ്ങളുടെ സമയത്ത് ദൈവം ഇടപെടുന്ന ഒരു സമയപരിധി ഉണ്ടെന്ന് നാം കാണുന്നു. അവൻ ഭൂമിയിൽ നിന്ന് പുറപ്പെടുന്നതിന് തൊട്ടുമുമ്പ് (സ്വർഗ്ഗാരോഹണം), ഇസ്രായേൽ പുനഃസ്ഥാപിക്കപ്പെടുകയും ആധിപത്യം പുലർത്തുന്ന റോമൻ സാമ്രാജ്യത്തിൽ നിന്ന് മോചിപ്പിക്കപ്പെടുകയും ചെയ്യുന്ന സമയത്തെക്കുറിച്ച് ശിഷ്യന്മാർ കർത്താവിനോട് ആരാഞ്ഞു. പിതാവിന് സ്വന്തം അധികാരത്തിൽ ഉള്ള കാലങ്ങളും സമയങ്ങളും ഉണ്ടെന്ന് കർത്താവിന്റെ മറുപടി നമ്മെ പഠിപ്പിക്കുന്നു. യേശു 'ക്രോണോസ്' , 'കെയ്റോസ്' എന്നിവയെക്കുറിച്ച് സംസാരിച്ചു. ഗ്രീക്ക് പദങ്ങളായ 'ക്രോണോസ്' എന്നത് സമയത്തിന്റെ ദൈർഘ്യത്തെയോ വ്യാപ്തിയെയോ അളവിനെയോ സൂചിപ്പിക്കുന്നു, അതേസമയം 'കെയ്റോസ്' എന്നത് ഗുണനിലവാരത്തെയോ ഏതു തരത്തിലുള്ള സമയമാണ് എന്നതിനെയോ സൂചിപ്പിക്കുന്നു. 'ക്രോണോസ്' എന്നത് സമയത്തിന്റെ അളവുകോലായി ഉപയോഗിക്കുന്നു, ഒരു കാലഘട്ടം-ഒരു ഇടം അല്ലെങ്കിൽ സമയദൈർഘ്യം. പ്രത്യേക സംഭവങ്ങൾ, സൗകര്യപ്രദമായ നിമിഷങ്ങൾ, നിർണായക സംഭവങ്ങൾ, സമയത്തിലെ മാറ്റങ്ങൾ എന്നിവയെ പരാമർശിച്ചുകൊണ്ടാണ് 'കെയ്റോസ്' ഉപയോഗിക്കുന്നത്. അത് "സമയത്തിന്റെ പൂർണ്ണത"യെ സൂചിപ്പിക്കുന്നു-ഇന്നത്തെ സമയത്തിന് ഏറ്റവും അനുയോജ്യമായ സംഭവം ഏതാണ്.

## "സമയം" ബൈബിളിൽ

സമയത്തിന്റെ ബൈബിൾ വീക്ഷണങ്ങളെക്കുറിച്ചുള്ള തന്റെ കുറിപ്പിൽ (മെർസർ ഡിക്ഷണറി ഓഫ് ബൈബിൾ, 1990), സൈമൺ ജെ. ഡെവ്റീസ് ഇങ്ങനെ പ്രസ്താവിക്കുന്നു, "സമയത്തെക്കുറിച്ചുള്ള ഹീബ്രു സങ്കൽപ്പത്തിൽ ഏറ്റവും പ്രധാനം, ഓരോ പുതിയ ദിവസവും മറ്റെല്ലാ ദിവസങ്ങളിൽ നിന്നും ഗുണപരമായി വ്യത്യസ്തമാകുമെന്ന് അവർ പ്രതീക്ഷിച്ചു എന്നതാണ്. ഒരുപക്ഷേ സവിശേഷവും നിർണ്ണായകവുമായ രീതിയിൽ ദൈവം ദിവ്യസ്വഭാവം വെളിപ്പെടുത്തിയേക്കാവുന്ന ഒരു അതുല്യവും ആവർത്തിക്കാനാവാത്തതുമായ ഒരു സംഭവം ഉണ്ടാക്കിയേക്കാം.

അതുകൊണ്ട്, ദിവസങ്ങളെ അവയുടെ ഏറ്റവും ശ്രദ്ധേയമായ സംഭവത്തിന്റെ അടിസ്ഥാനത്തിൽ സംസാരിക്കുന്നതിനുള്ള ഒരു സ്വഭാവരീതി ബൈബിൾ വികസിപ്പിച്ചെടുത്തു." ബൈബിളിലെ വ്യക്തികൾ "തങ്ങളുടെ ദൈവത്തിന് തങ്ങളെ എവിടെയും എപ്പോൾ വേണമെങ്കിലും കണ്ടുമുട്ടാൻ കഴിയുമെന്ന് വിശ്വസിച്ചിരുന്നുവെന്ന് അദ്ദേഹം തുടർന്നും പ്രസ്താവിക്കുന്നു; എല്ലാ സ്ഥലവും എല്ലാ ചരിത്രവും ദൈവത്തിന്റെ മണ്ഡലമായിരുന്നു. അതുകൊണ്ട്, ബൈബിളിന് ഉദ്ദേശ ശുദ്ധിയും പുരോഗതിയും ഉണ്ട്, ഒരു ലക്ഷ്യമുണ്ട്, ഒരു പ്രക്രിയയുണ്ട്, ഒരു വിധിയുണ്ട്.

ബൈബിളിൽ സമയം ഒരു പ്രധാന ഘടകമാണ്, അവിടെ വ്യത്യസ്ത തരം സമയങ്ങളെ പരാമർശിക്കുന്നു - വ്യത്യസ്ത 'കെയ്റോസ്' നിമിഷങ്ങൾ. സങ്കീർത്തനങ്ങൾ ദൈവത്തെ കണ്ടെത്താവുന്ന ഒരു സമയത്തെക്കുറിച്ചും (സങ്കീർത്തനം 32:6), ഒരു ദുഷിച്ച സമയത്തെക്കുറിച്ചും (സങ്കീർത്തനം 37:18-19) അനർഥ ദിവസത്തിൽ (സങ്കീർത്തനം 41:1) പ്രസാദ കാലത്തെക്കുറിച്ചും (സങ്കീർത്തനം 69:13; 2 കൊരിന്ത്യർ 6:2) കാണുന്നു. പുതിയ നിയമത്തിൽ, രാഷ്ട്രങ്ങളുടെ അതിരുകൾ നിശ്ചയിക്കുന്നതിനൊപ്പം അവയുടെ ഉയർച്ചയ്ക്കും തകർച്ചയ്ക്കും ദൈവം തന്നെ സമയം നിശ്ചയിക്കുന്നതായി നാം മനസ്സിലാക്കുന്നു (അ.പ്രവൃത്തികൾ 17:26-27). നാം ജീവിക്കുന്ന കാലഘട്ടത്തെ "*ഭാവി കാലം*" (1 തിമോത്തി 4:1), "*അന്ത്യനാളുകൾ*" (2 തിമോത്തി 3:1) തുടങ്ങിയ പദങ്ങളാൽ പരാമർശിക്കപ്പെടുന്നു. "കാലങ്ങളും സമയങ്ങളും" (1 തെസ്സലൊനീക്യർ 5:1), "*അന്ത്യ കാലം*" (1 പത്രോസ് 1:20), "*വിവിധ കാലങ്ങൾ,*" "*കഴിഞ്ഞു പോയ കാലം*" (എബ്രായർ 1:1), "സഹായത്തിനുള്ള സമയം" തുടങ്ങിയ പദങ്ങൾ (എബ്രായർ 4:16) എന്നിവയും കാണാം. സമയത്തെക്കുറിച്ചുള്ള ബൈബിൾ വീക്ഷണം മനസ്സിലാക്കുന്നത് വിജയകരമായ ഒരു ക്രിസ്തീയ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്.

## 'കെയ്റോസ്' മനസ്സിലാക്കുക

'കെയ്റോസ്' എന്നത് നിയുക്ത സമയം, ഉചിതമായ സമയം അല്ലെങ്കിൽ ശരിയായ സമയം. പൊതുവായി പറഞ്ഞാൽ, 'കെയ്റോസ്' കലണ്ടർ വർഷങ്ങളുടെ ദിവസങ്ങളുടെ ബന്ധിപ്പിച്ചിട്ടില്ല. ദൈവം ഒരു

പ്രത്യേക കാലയളവ് നിയതമായി പറഞ്ഞിട്ടില്ലെങ്കിൽ, 'കെയ്റോസ്' നിമിഷം ചില വ്യവസ്ഥകൾ-സാഹചര്യങ്ങൾ, സന്ദർഭങ്ങൾ, ജനങ്ങൾ, കാര്യങ്ങൾ തുടങ്ങിയവയുടെ ഒത്തുചേരലിനെ ആശ്രയിച്ചിരിക്കുന്നു - അത് ദൈവം സംസാരിച്ചത് നിറവേറ്റുന്നതിനുള്ള ശരിയായ സമയമാക്കി മാറ്റുന്നു.

ഉദാഹരണത്തിന്, വ്യക്തിപരമായ പ്രവചനത്തിന്റെ നിവൃത്തി 'കെയ്റോസ്' നിമിഷത്തിലാണ് നടക്കുന്നത്. ബിസിനസ്സിൽ വിജയിക്കുമെന്ന് ഒരു പ്രത്യേക വ്യക്തിക്ക് ഒരു പ്രവചനം ലഭിച്ചിട്ടുണ്ടെങ്കിൽ, അവന്റെ വിജയം ഒറ്റരാത്രികൊണ്ട് വരുമെന്ന് അർത്ഥമാക്കുന്നില്ല. ദൈവം അന്വേഷിക്കുന്ന ചില വ്യവസ്ഥകൾ ഈ വ്യക്തിയുടെ ജീവിതത്തിൽ ഒത്തുചേരുമ്പോൾ ഈ പ്രവചനത്തിന്റെ നിവൃത്തി സംഭവിക്കും. പ്രവചന വചനം ലഭിച്ച വ്യക്തി ഒരു ചെറുപ്പക്കാരനാണെങ്കിൽ, അയാൾ സ്വന്തമായി ഒരു ബിസിനസ്സ് ആരംഭിക്കുന്നതിന് മുമ്പ് ഈ വ്യക്തി എന്തെങ്കിലും പരിശീലനത്തിലൂടെയും കുറച്ച് വർഷത്തെ ജോലിയിലൂടെയും കടന്നുപോകുമെന്ന് ദൈവം പ്രതീക്ഷിക്കും. യുവാവ് തന്റെ ബിസിനസ്സ് ആരംഭിച്ചതിന് ശേഷവും അത്യധികം വിജയിക്കുന്ന ഒരു മികച്ച ആശയം ലഭിക്കുന്നതിന് ഇനിയും വർഷങ്ങൾ ആവശ്യമായി വന്നേക്കാം. എല്ലാ കാലത്തും പ്രവചനം സത്യമായിരുന്നെങ്കിലും, ഈ സാഹചര്യങ്ങളെല്ലാം സംഭവിച്ച് 'കെയ്റോസ്' നിമിഷം വരുമ്പോൾ മാത്രമേ അത് സംഭവിക്കൂ.

# 2. സമയത്തെ തിരിച്ചറിയുകയും വിനിയോഗിക്കുകയും ചെയ്യുക

**എഫെസ്യർ 5:15-17**

**15 ആകയാൽ സൂക്ഷമത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ.**
**16 ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ.**
**17 ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ.**

**കൊലൊസ്സ്യർ 4:5**

**സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ടു പുറത്തുള്ളവരോടു ജ്ഞാനത്തോടെ പെരുമാറുവിൻ.**

സമയം (*കെയ്റോസ്*) വിനിയോഗിക്കാൻ തിരുവെഴുത്ത് നമ്മെ ഉപദേശിക്കുന്നു. "സമയത്തെ വിനിയോഗിക്കുക" എന്നത് നമ്മുടെ ജീവിതത്തിലെ അവസരോചിതമായ നിമിഷങ്ങൾ തിരിച്ചറിയാനും പിടിച്ചെടുക്കാനും കഴിയുന്നതിനെ സൂചിപ്പിക്കുന്നു. മേൽപ്പറഞ്ഞ വേദഭാഗത്തിന്റെ പശ്ചാത്തലത്തിൽ നിന്ന്, നാം ജ്ഞാനികളും കർത്താവിന്റെ ഇഷ്ടം മനസ്സിലാക്കി സൂക്ഷ്മതയോടെയും നടക്കുകയും ചെയ്താൽ മാത്രമേ ഇത് സാധ്യമാകൂ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ ജീവിതത്തിലെ ഉചിതമായ നിമിഷങ്ങൾ കൈവശപ്പെടുത്താനുള്ള നമ്മുടെ കഴിവ് - ശരിയായ സമയത്ത് ശരിയായ കാര്യം ചെയ്യൽ - നമ്മുടെ വ്യക്തിഗത ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതത്തെ നാം മനസിലാക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ വ്യക്തിഗത ജീവിതത്തിനായി ദൈവം '*ക്രോണോസ്*', '*കെയ്റോസ്*' എന്നിവയെ നിയമിക്കുന്നു. നമുക്കോരോരുത്തർക്കും ഒരു '*ക്രോണോസ്*' അല്ലെങ്കിൽ ജീവിക്കാനുള്ള സമയ ദൈർഘ്യമുണ്ട്. ദൈവം തന്റെ ജനത്തോട് വാഗ്ദത്തം ചെയ്തു, "*നിന്റെ ആയുഷ്കാലം ഞാൻ പൂർത്തിയാക്കും.*" (പുറപ്പാട് 23:26). "ദൈവത്തിന്റെ പൊതുഹിതം വെളിപ്പെടുത്തുന്നത് *ഞങ്ങളുടെ ആയുഷ്കാലം എഴുപതു സംവത്സരം" ഏറെ ആയാൽ എൺപതു*

*സംവത്സരം എന്നാണ്.* (സങ്കീർത്തനം 90:10). "ദീർഘായുസ്സുകൊണ്ട്" നമ്മെ തൃപ്തിപ്പെടുത്തുമെന്ന് ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട് (സങ്കീർത്തനം 91:16). പൊതുവേ, ഒരു ദൈവപൈതലിന് "*ഒരു കറ്റ അതിന്റെ കാലത്ത് പാകമാകുന്നതുപോലെ*" (ഇയ്യോബ് 5:26) സമയം പൂർണമാകുമ്പോൾ ശവക്കുഴിയിലേക്ക് പോകാനുള്ള പദവിയുണ്ട്. കൂടുതൽ വ്യക്തമായി പറഞ്ഞാൽ, ദൈവത്തിന് നമ്മുടെ വ്യക്തിഗത ജീവിതത്തിന് സമയങ്ങളും കാലങ്ങളും ഉണ്ട്.

ഈ പ്രത്യേക സമയങ്ങളും കാലഘട്ടങ്ങളും ആണ്, നമ്മുടെ ജീവിതത്തിൽ നമ്മൾ തിരിച്ചറിയുകയും വിനിയോഗിക്കുകയും ചെയ്യേണ്ട '*കെയ്റോസ്*' നിമിഷങ്ങൾ. നമ്മൾ അവസരം മുതലാക്കണം.

ഇപ്പോൾ നിങ്ങളുടെ ജീവിതത്തിലെ '*കെയ്റോസ്*' എന്താണ്? നിങ്ങൾ ജീവിക്കുന്ന ജീവിതത്തിന്റെ കാലഘട്ടം ഏതാണ്? ഇത് പ്രവർത്തനത്തിനോ തയ്യാറെടുപ്പിനോ ഉള്ള സമയമാണോ? ഇത് പഠിക്കാനോ പഠിപ്പിക്കാനോ ഉള്ള സമയമാണോ? ക്രിസ്തീയ ജീവിതത്തിന്റെ ഒരു പ്രത്യേക മേഖലയെക്കുറിച്ച് നിങ്ങൾ പഠിക്കേണ്ട സമയമാണോ ഇത്? ഇത് നിങ്ങൾ ഒരു നിശ്ചിത ബന്ധം കെട്ടിപ്പടുക്കാനുള്ള സമയമാണോ? ഇത് നിങ്ങൾക്ക് വിശ്രമിക്കാനും വരാനിരിക്കുന്ന ദിവസങ്ങൾ ആസൂത്രണം ചെയ്യാനുമുള്ള സമയമാണോ? ഇത് നിങ്ങൾക്ക് താൽക്കാലികമായി നിർത്താനും ദ്രുതഗതിയിലുള്ള ആത്മീയ വളർച്ചയുടെ സമീപകാല സംഭവങ്ങൾ ഏകീകരിക്കാനുള്ള സമയമാണോ? ഇത് നിങ്ങൾക്ക് ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് അന്വേഷിക്കാനും പഠിക്കാനുമുള്ള സമയമാണോ? ഇത് നിങ്ങൾക്ക് സേവിക്കാനോ നയിക്കാനോ ഉള്ള സമയമാണോ? നാം ജീവിക്കുന്ന ജീവിതത്തിന്റെ പ്രത്യേക കാലഘട്ടം തിരിച്ചറിയാൻ കഴിയുമ്പോൾ, ഈ നിർദ്ദിഷ്ട ഉദ്ദേശ്യം നിറവേറ്റുന്നതിനായി നമ്മുടെ സമയം വീണ്ടെടുക്കാൻ നമുക്ക് കഴിയും.

കർത്താവായ യേശു ഒരിക്കൽ യെരുശലേം നഗരത്തെ സമീപിച്ചപ്പോൾ, അവൻ നഗരം കണ്ടു അതിനെ നോക്കി കരഞ്ഞു. യെരൂശലേമിന്റെ വരാനിരിക്കുന്ന നാശത്തെക്കുറിച്ച് ഉച്ചരിച്ചുകൊണ്ട് അവൻ പ്രഖ്യാപിച്ചു, "... നിന്റെ സന്ദർശനകാലം നീ അറിയാഞ്ഞതുകൊണ്ടു" (ലൂക്കാ 19:41-44). യെരൂശലേമിന് വേണ്ടി ദൈവത്തിന് ഒരു നിശ്ചിത

“സന്ദർശന കാലം” ഉണ്ടായിരുന്നു, എന്നാൽ നഗരത്തിലെ ജനങ്ങൾക്ക് അത് അറിയില്ലായിരുന്നു. നമ്മുടെ വ്യക്തിപരമായ ജീവിതത്തിനായി ദൈവം പ്രത്യേക സന്ദർശന കാലങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ ഈ കാലഘട്ടങ്ങളിൽ, ദൈവം നമ്മുടെ ഹൃദയങ്ങളിൽ ഒരു പ്രത്യേക പ്രവൃത്തി ചെയ്യുന്നു, ഒരുപക്ഷേ നമ്മുടെ ജീവിതത്തിനായി അവനുള്ള പദ്ധതികളും ഉദ്ദേശ്യങ്ങളും വിശദമായി അനാവരണം ചെയ്യുന്നു, അല്ലെങ്കിൽ നമുക്ക് പ്രത്യേക ദിശാബോധം നൽകുന്നു, അല്ലെങ്കിൽ നമ്മിൽ ഒരു പ്രത്യേക കൃപാവരം പകരുകയും പുറത്തുവിടുകയും ചെയ്യുന്നു. എന്നാൽ ഈ സന്ദർശന വേളയിൽ എന്ത് ഫലങ്ങളാണ് ഉണ്ടാകുന്നത് എന്നത് നമ്മുടെ പ്രതികരണത്തെ ആശ്രയിച്ചിരിക്കുന്നു. സന്ദർശന സമയം അറിയാതെ പോയാൽ ദൈവം നമ്മെ കടന്നുപോകേണ്ടിവരും. നിങ്ങൾ ദൈവത്തോട് ശ്രദ്ധാലുവായിരിക്കുകയും ഇപ്പോൾ നിങ്ങളുടെ ജീവിതത്തിൽ അവൻ തുറന്നുകാട്ടുന്ന കാര്യങ്ങളോട് സംവേദനക്ഷമതയുള്ളവരുമാണോ? അവൻ ചെയ്യുന്ന കാര്യങ്ങളോട് നിങ്ങൾ എങ്ങനെയാണ് പ്രതികരിക്കുന്നത്?

## സമയത്തിന് ഒപ്പം ചുവടു വയ്ക്കുക

**സഭാപ്രസംഗി 3:17ബി**

**... സകലകാര്യത്തിന്നും സകലപ്രവൃത്തിക്കും ഒരു കാലം ഉണ്ടല്ലോ എന്നു വിചാരിച്ചു.**

**സഭാപ്രസംഗി 8:6എ)**

**... സകല കാര്യത്തിന്നും കാലവും ന്യായവും ഉണ്ടല്ലോ.**

ഓരോ ഉദ്ദേശത്തിനും കൃത്യമായ സമയമുണ്ടെന്ന് നാം മനസ്സിലാക്കണം. ഒരു സാഹചര്യവുമായി ബന്ധപ്പെട്ട് നാം എന്തു ചെയ്യാനാണ് ദൈവം ആഗ്രഹിക്കുന്നതെന്ന് അറിയേണ്ടത് പ്രധാനമാണ്, എന്നാൽ അതേ സമയം തന്നെ കൃത്യസമയത്ത് ചുമതല നിർവഹിക്കുക എന്നതും പ്രാധാന്യമർഹിക്കുന്നതാണ്. പലപ്പോഴും, നമുക്ക് കർത്താവിൽ നിന്ന് ഒരു ആശയം, പദ്ധതി, തന്ത്രം അല്ലെങ്കിൽ ഒരു ദർശനം എന്നിവ ലഭിക്കുന്നു, അത് ഉടനടി നിറവേറുന്നത് കാണാൻ നമ്മൾ ആഗ്രഹിക്കുന്നു അല്ലെങ്കിൽ ഉടൻ പോയി അത് ചെയ്യാൻ നാം ആഗ്രഹിക്കുന്നു. ദൈവത്തിന് ഒരു പദ്ധതി ഉണ്ടെന്ന് മാത്രമല്ല ആ

പദ്ധതിയുടെ വെളിപ്പെടുത്തലിനും  പൂർത്തീകരണത്തിനുമായി അവന് ഒരു പ്രത്യേക സമയവും ഉണ്ടെന്ന കഠിനമായ കാര്യം ഞാൻ പഠിച്ചു. അവന്റെ പദ്ധതികളും ഉദ്ദേശ്യങ്ങളും മാത്രമല്ല, അവ നിറവേറ്റുന്നതിനുള്ള അവന്റെ സമയം മനസ്സിലാക്കേണ്ടതും നമ്മുടെ ഉത്തരവാദിത്തമാണ്. നാം ദൈവത്തിന്റെ സമയത്തിന് ഒപ്പം കാലടികൾ വെച്ചു നടക്കേണ്ടതുണ്ട് -മുന്നിലോ പിന്നിലോ അല്ല.

ദാവീദ് രാജാവിന്റെ ജീവിതത്തിൽ നിന്നുള്ള രണ്ട് സംഭവങ്ങൾ നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നതിനെ സോദാഹരണം വിവരിക്കുന്നു. ദാവീദിനെ എല്ലാ ഇസ്രായേലിന്റെയും രാജാവായി ദൈവം നിശ്ചയിച്ചിരുന്നു. ദാവീദ് ചെറുപ്പമായിരുന്നപ്പോൾ, ശാമുവേൽ പ്രവാചകനാൽ അഭിഷേകം ചെയ്യപ്പെട്ടു-ദൈവം ദാവീദിനെ രാജാവായി തിരഞ്ഞെടുത്തുവെന്ന വസ്തുതയെ പ്രതിനിധീകരിക്കുന്ന തൈലം കൊണ്ടുള്ള അഭിഷേകം. ദാവീദ് ഗോലിയാത്തിനെ തോൽപ്പിച്ച് ദേശീയ നായകനായിത്തീർന്നതിനുശേഷം, തന്റെ ജീവൻ രക്ഷിക്കാൻ ശൗൽ രാജാവിൽ നിന്ന് ഓടിപ്പോകേണ്ടിവന്നു. ദാവീദ് ഒരു വന്യമൃഗത്തെപ്പോലെ വേട്ടയാടപ്പെട്ടു; അവൻ ഗുഹകളിൽ വസിക്കുന്ന ഒരു അലഞ്ഞുതിരിയുന്നവനെപ്പോലെ ജീവിച്ചു. വർഷങ്ങൾ കടന്നുപോയി, പക്ഷേ ഇക്കാലമത്രയും ദാവീദ് തന്റെ ദൈവത്തോട് വിശ്വസ്തനായിരുന്നു. ഒടുവിൽ ഒരു യുദ്ധത്തിൽ ശൗൽ രാജാവ് കൊല്ലപ്പെട്ടു. ദാവീദ് ഇതു കേട്ടപ്പോൾ ശൗലിനോടും അവന്റെ കുടുംബത്തോടും മനോ വേദന നിറഞ്ഞു. ഇതിനെത്തുടർന്ന്, “*...ദാവീദ് യഹോവയോടു: ഞാൻ യെഹൂദ്യനഗരങ്ങളിൽ ഒന്നിലേക്കു ചെല്ലേണമോ എന്നു ചോദിച്ചു.. യഹോവ അവനോടു: ചെല്ലുക എന്നു കല്പിച്ചു. ഞാൻ എവിടേക്കു ചെല്ലേണ്ടു എന്നു ദാവീദ് ചോദിച്ചതിന്നു: ഹെബ്രോനിലേക്കു എന്നു അരുളപ്പാടുണ്ടായി. അങ്ങനെ ദാവീദ് ... അവിടേക്കു ചെന്നു. അപ്പോൾ യെഹൂദാപുരുഷന്മാർ വന്നു അവിടെവെച്ചു ദാവീദിനെ യെഹൂദാഗൃഹത്തിന്നു രാജാവായിട്ടു അഭിഷേകം ചെയ്തു.*” (2 സാമുവൽ 2:1-4).

ശരിയായ സമയത്ത് ശരിയായ നീക്കം നടത്തുന്നത് ദാവീദിനെ യഹൂദയുടെ രാജാവായി അംഗീകരിക്കുന്നതിലേക്ക് നയിച്ചു. അധികം താമസിയാതെ അവൻ മുഴുവൻ ഇസ്രായേലിന്റെ  രാജാവായി അംഗീകരിക്കപ്പെട്ടു. ദൈവത്തിന്റെ സമയത്തിനൊപ്പം കാലടികൾ

വെച്ചു നടക്കാൻ ആഗ്രഹിച്ച ഒരു മനുഷ്യനായിരുന്നു ദാവീദ് എന്ന് നാം കാണുന്നു. സിംഹാസനത്തിലേക്കാണ് അദ്ദേഹത്തെ വിധിച്ചതെങ്കിലും, അവിടെയെത്താനുള്ള ശ്രമങ്ങളിൽ അദ്ദേഹം തിടുക്കമോ എടുത്തു ചാട്ടമോ കാട്ടിയില്ല. തന്റെ സമയത്ത് തന്റെ പദ്ധതികൾ വെളിപ്പെടുത്താൻ അവൻ ദൈവത്തെ അനുവദിച്ചു. കൂടാതെ, ദൈവത്തോടൊപ്പം ഓരോ ചുവടും വെക്കേണ്ടതിന്റെ പ്രാധാന്യം ദാവീദ് മനസ്സിലാക്കി. ഹെബ്രോനിലേക്ക് മാറാൻ അവൻ എത്ര ശ്രദ്ധിച്ചുവെന്ന് ശ്രദ്ധിക്കുക. എന്നാൽ കൃത്യസമയത്ത് അവൻ ശരിയായ നീക്കം നടത്തിയപ്പോൾ, കാര്യങ്ങൾ തനിക്ക് അനുകൂലമായി സംഭവിക്കാൻ തുടങ്ങി. ശരിയായ സമയത്ത് ശരിയായ നീക്കങ്ങൾ നടത്തുന്നത് നിങ്ങളുടെ ജീവിതത്തിനായുള്ള ദൈവത്തിന്റെ പദ്ധതികളുടെയും ഉദ്ദേശ്യങ്ങളുടെയും പൂർത്തീകരണം കാണുന്ന സ്ഥാനത്ത് നിങ്ങളെ ആക്കും.

ദാവീദിന്റെ ജീവിതത്തിലെ രണ്ടാമത്തെ സംഭവം ഏറെക്കുറെ ദൗർഭാഗ്യകരമാണ്, കാരണം ദൈവത്തിന്റെ സമയത്തിനൊപ്പം ചുവടു വെയ്ക്കുന്നതിൽ ദാവീദ് എങ്ങനെ പരാജയപ്പെട്ടുവെന്നും സമയക്രമത്തിലെ ഈ വീഴ്ചയുടെ ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ചും ഇത് കാണിക്കുന്നു.

**2 ശമുവേൽ 11:1-2**

**1 പിറ്റെ ആണ്ടിൽ രാജാക്കന്മാർ യുദ്ധത്തിന്നു പുറപ്പെടുംകാലം ദാവീദ് യോവാബിനെയും അവനോടുകൂടെ തന്റെ ചേവകരെയും എല്ലായിസ്രായേലിനെയും അയച്ചു; അവർ അമ്മോന്യദേശം ശൂന്യമാക്കി രബ്ബാപട്ടണം നിരോധിച്ചു. ദാവീദോ യെരൂശലേമിൽ തന്നെ താമസിച്ചിരുന്നു.**
**2 ഒരുനാൾ സന്ധ്യയാകാറായ സമയത്തു ദാവീദ് മെത്തയിൽ നിന്നു എഴുന്നേറ്റു രാജധാനിയുടെ മാളികമേൽ ഉലാവിക്കൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നതു മാളികയിൽ നിന്നു കണ്ടു; ആ സ്ത്രീ അതിസുന്ദരി ആയിരുന്നു.**

രാജാക്കന്മാർ തങ്ങളുടെ സൈന്യവുമായി യുദ്ധത്തിന് പോയ വർഷമായിരുന്നു അത്. എന്നിരുന്നാലും, തന്റെ കൊട്ടാരത്തിൽ താമസിച്ചുകൊണ്ട് തന്റെ സൈന്യത്തെ യുദ്ധത്തിന് അയക്കാൻ ദാവീദ് തീരുമാനിച്ചു. അവൻ തെറ്റായ സമയത്ത് തെറ്റായ സ്ഥലത്തായിരുന്നു. അവൻ സുന്ദരിയായ ബത്ശേബയെ കാണുകയും അവളുമായി വ്യഭിചാരം ചെയ്യുകയും ചെയ്തു. ഈ പ്രവൃത്തി തനിക്ക്

വളരെയധികം വേദനക്കും ദുഃഖത്തിനും കാരണമാവുകയും ചെയ്തു. ഈ പരാജയത്തിന്റെ കാരണം ദാവീദ് തന്റെ ആളുകളുമായി യുദ്ധത്തിന് പോകേണ്ട സമയത്ത് പോകാതിരിക്കാൻ എടുത്ത തിരഞ്ഞെടുപ്പാണെന്ന ലളിതമായ വസ്തുത മനസിലാക്കാം. തെറ്റായ സമയത്ത് അവനെ തെറ്റായ സ്ഥലത്ത് എത്തിച്ച ഒരു തീരുമാനമാണ് അവൻ എടുത്തത്.

നാല് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, നമ്മുടെ കർത്താവായ യേശു തന്റെ ജീവിതത്തെ ക്രമീകരിച്ച രീതി നോക്കുമ്പോൾ, അവൻ തന്റെ ജീവിതത്തിനായുള്ള പിതാവിന്റെ സമയത്തെക്കുറിച്ച് പൂർണ്ണമായി ബോധവാനായിരുന്നുവെന്ന് നമുക്ക് കാണാം. യേശു തന്റെ ശുശ്രൂഷ ആരംഭിക്കാൻ 30 വർഷത്തോളം കാത്തിരുന്നതിന്റെ പ്രധാന കാരണം, തന്റെ നാഴിക ഇതുവരെ വന്നിട്ടില്ലെന്ന് അവനറിയാമായിരുന്നു - പിതാവ് അവനുവേണ്ടി നിശ്ചയിച്ച ശുശ്രൂഷയിൽ പ്രവേശിക്കാനുള്ള സമയം (യോഹന്നാൻ 2:4). യെശയ്യാവ് 61-ൽ നിന്നുള്ള ശക്തമായ വചനങ്ങൾ വായിച്ചുകൊണ്ടാണ് യേശു തന്റെ ശുശ്രൂഷ ആരംഭിച്ചത്. ആ പ്രവചനഭാഗം വായിച്ചതിനുശേഷം, യേശു തന്റെ സദസ്സിനോട് പറഞ്ഞു, "*ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന്നു നിവൃത്തി വന്നിരിക്കുന്നു*" (ലൂക്കാ 4:21). തന്റെ ശുശ്രൂഷ ആരംഭിക്കുന്നതിനുള്ള ദൈവത്തിന്റെ സമയത്തെക്കുറിച്ച് യേശുവിന് അറിയാമായിരുന്നു. അദ്ദേഹത്തിന്റെ സന്ദേശവും സമയോചിതമായിരുന്നു - ആ സമയത്തെ ഒരു വാക്ക്. അവൻ പശ്ചാത്താപം പ്രസംഗിച്ചുകൊണ്ട് വന്നു, "*കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ*" (മർക്കോസ് 1:15). അവൻ ഒരു പുതിയ യുഗത്തിന്റെ ആരംഭം പ്രഖ്യാപിക്കുകയായിരുന്നു, അവന്റെ സന്ദേശം ആ സമയത്ത് ദൈവം ഭൂമിയിൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളിലേക്ക് ആളുകളുടെ ശ്രദ്ധ ആകർഷിച്ചു. അക്കാലത്തെ പ്രസക്തമായ ഒരു കാര്യം അദ്ദേഹം പ്രസംഗിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തു. പിതാവ് ചെയ്യുന്നതും ചെയ്യാൻ പോകുന്നതുമായ കാര്യങ്ങളെക്കുറിച്ച് - ഭൂമിയിലെ ദൈവത്തിന്റെ നിലവിലുള്ളതും വരാനിരിക്കുന്നതുമായ നീക്കങ്ങളെക്കുറിച്ച്

അദ്ദേഹത്തിന് പൂർണ്ണ ബോധ്യമുണ്ടായിരുന്നു. ജനങ്ങൾ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന ഒരു കാലത്തിന്റെ തുടക്കത്തെയും (യോഹന്നാൻ 4:21,23) മരിച്ചവരിൽ നിന്നുള്ള തന്റെ പുനരുത്ഥാനത്തേയും പരാമർശിക്കുന്നതിന് "നാഴിക വന്നിരിക്കുന്നു" എന്ന വാചകം അവൻ ഉപയോഗിച്ചു (യോഹന്നാൻ 5: 25). മറ്റൊരിടത്ത്, അവൻ ഇനി തന്റെ ശിഷ്യന്മാരോട് ആലങ്കാരിക ഭാഷയിൽ സംസാരിക്കാതെ, പിതാവിനെക്കുറിച്ച് വ്യക്തമായി സംസാരിക്കുന്ന ഒരു വരാനിരിക്കുന്ന സമയത്തെക്കുറിച്ച് പറഞ്ഞു (യോഹന്നാൻ 16:25).

ഭൂമിയിൽ ദൈവത്തിന്റെ പ്രത്യേക നീക്കങ്ങൾ അല്ലെങ്കിൽ പ്രവൃത്തികൾ അല്ലെങ്കിൽ വിതരണങ്ങൾ എന്നിവയ്ക്ക് ഒരു പ്രത്യേക സമയമുണ്ടെന്ന് ഇതിൽ നിന്ന് നാം മനസ്സിലാക്കുന്നു. തന്റെ ക്രൂശീകരണത്തിന്റെ സമയത്തെക്കുറിച്ച് യേശുവിനും അറിയാമായിരുന്നു - അത് അവനെ അത്ഭുതപ്പെടുത്തിയില്ല. തന്റെ ശിഷ്യന്മാർ ചിതറിപ്പോവുകയും അവനെ ഉപേക്ഷിക്കുകയും ചെയ്യുന്ന സമയം വന്നിരിക്കുന്നുവെന്നും (യോഹന്നാൻ 16:32) അവൻ ക്രൂശിക്കപ്പെടുമെന്നും (യോഹന്നാൻ 13:1; യോഹന്നാൻ 17:1) അവനറിയാമായിരുന്നു. വാസ്തവത്തിൽ, തന്റെ ക്രൂശീകരണത്തിന്റെ സമയം വരാനിരിക്കുന്നു എന്നതിന്റെ വെളിച്ചത്തിൽ അവൻ തന്റെ ജീവൻ പോലും ക്രമീകരിച്ചു (യോഹന്നാൻ 16:32). ബൈബിൾ പറയുന്നു, "... *അവന്റെ നാഴിക വന്നിട്ടില്ലായ്കയാൽ ആരും അവന്റെ മേൽ കൈ വെച്ചില്ല.*" (യോഹന്നാൻ 7:30; യോഹന്നാൻ 8:20). നമ്മുടെ യജമാനന്റെ ജീവിതത്തെക്കുറിച്ചുള്ള ഈ ദ്രുത അവലോകനത്തിൽ നിന്ന്, പിതാവിന്റെ പദ്ധതികളെയും സമയത്തെയും കുറിച്ച് ബോധവാനായിക്കൊണ്ടാണ് അവൻ ഭൂമിയിൽ തന്റെ ജീവിതം നയിച്ചതെന്ന് നമുക്ക് കാണാം. അവനെ അനുകരിക്കുക എന്നത് നമുക്ക് ഒരു വെല്ലുവിളിയാണ്.

എങ്ങനെയാണ് നമ്മൾ നമ്മുടെ ജീവിതം ക്രമപ്പെടുത്തുന്നത്? നമ്മുടെ പിതാവിനോടും അവിടുന്നിന് നമുക്കുവേണ്ടിയുള്ള പദ്ധതികളോടും സമയത്തോടും ഒപ്പം കാലടികൾ വെച്ചു നീങ്ങാൻ നാം ശ്രമിക്കുന്നുണ്ടോ? നമ്മളിൽ ചിലർ ദൈവത്തിനു മുമ്പായി ഓടാൻ സാധ്യതയുള്ളവരാണ്. കർത്താവിനെ കാത്തിരിക്കുക മാത്രമല്ല

എന്നാൽ കർത്താവിനു വേണ്ടി കാത്തിരിക്കുക എന്ന നന്മയും നാം വളർത്തിയെടുക്കേണ്ടതുണ്ട്. *ഒരു ദൈവം തന്നേ കാത്തിരിക്കുന്നവന്നു വേണ്ടി പ്രവർത്തിക്കുന്നു* (യെശയ്യാവു 64:4) എന്ന് ബൈബിൾ പഠിപ്പിക്കുന്നു. എന്റെ കൗമാരത്തിന്റെ തുടക്കത്തിൽ, പല അവസരങ്ങളിലും കർത്താവ് എന്റെ ജീവിതത്തിലൂടെ ആദ്യമായി പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ, ഞാൻ എന്റെ ശുശ്രൂഷയുടെ മേഖലകളിലേക്കും വഴികളിലേക്കും നിർബന്ധിതനായി. തീർച്ചയായും, ദൈവം കരുണയുള്ളവനായിരുന്നു, കാരണം ഈ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഞാൻ അജ്ഞനാണെന്ന് അവനറിയാമായിരുന്നു, അതിലൂടെ പഠിക്കാൻ അവൻ എന്നെ സഹായിച്ചു. എന്നാൽ ആ ദിവസങ്ങളിൽ പോലും, പ്രകടമാക്കിയ വിശുദ്ധ ധൈര്യത്തെയും മുൻകൈയെയും ദൈവം അമാനുഷികമായി അനുഗ്രഹിക്കുന്നത് കാണുന്നതിന്റെ സന്തോഷം എനിക്കുണ്ടായിരുന്നു. ആ ആദ്യകാലങ്ങളിൽ നിന്ന് നീണ്ടുനിൽക്കുന്ന ഫലം ഉണ്ടായിട്ടുമുണ്ട്. നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന സത്യങ്ങൾ മനസ്സിലാക്കിയ ശേഷം, ദൈവത്തിന്റെ സമയത്തെക്കുറിച്ച് പഠിക്കേണ്ടത് ഇപ്പോൾ ഒരു ഉത്തരവാദിത്തമായി മാറുന്നു. ദൈവം നമ്മെ നയിക്കുന്ന കാര്യങ്ങളിൽ, അത് നമ്മുടെ വ്യക്തിപരമായ ജീവിതത്തിലായാലും, ശുശ്രൂഷയിലായാലും, ജോലിയിലായാലും, അവന്റെ പദ്ധതിയും സമയവും അറിയാൻ നാം ശ്രമിക്കണം. ദൈവത്തിന് പരിശീലനത്തിനും തയ്യാറെടുപ്പിനും ഉള്ള സമയമുണ്ടെന്ന് നാം അറിഞ്ഞിരിക്കണം. ദൈവം തന്റെ "പടയാളികൾക്ക്" "ജോലിയുടെ കാലഘട്ടത്തിൽ" തന്നെ പരിശീലനം നൽകുന്നു. ഭയം നിമിത്തം ചില സംഭവങ്ങൾ, സ്ഥലങ്ങൾ, അനുഭവങ്ങൾ എന്നിവ ഒഴിവാക്കാൻ ചിലപ്പോൾ നാം ശ്രമിക്കാറുണ്ട്. ഒന്നുകിൽ നമ്മൾ എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്ന് ഭയപ്പെടുന്നു അല്ലെങ്കിൽ അജ്ഞതയെ ഭയപ്പെടുന്നു. എന്നാൽ ചിലപ്പോഴൊക്കെ, ആ അവസ്ഥകളിലേക്ക് നാം നീങ്ങാനും, ജയിക്കാനും, പഠിക്കാനും, ഈ പ്രക്രിയയിൽ പരിശീലിപ്പിക്കപ്പെടാനും ദൈവം ആഗ്രഹിക്കുന്നു. ജീവിതത്തിലെ ഈ സാഹചര്യങ്ങൾ വഴിതെറ്റലുകളോ അനാവശ്യ കാലതാമസങ്ങളോ ആയി തോന്നാം. എന്നാൽ ദൈവം ഇവയെ നമ്മുടെ പ്രയോജനത്തിനായി തീർക്കുന്നു.

“കോവർകഴുതയെപ്പോലെ” ഉള്ളവരെ അനേകം ആശ്ചര്യങ്ങൾ കാത്തിരിക്കുന്നു. ഇവർ അറിയപ്പെട്ടതും പരിചിതവുമായ ഭൂതകാലത്തെ വിട്ടുകളയാൻ തയ്യാറല്ലാത്തവരും ദൈവത്തിന്റെ പുതിയ നീക്കങ്ങളിലേക്ക് ചുവടുവെക്കാൻ മടിക്കുന്നവരുമാണ്. ദൈവത്തിന്റെ പുതുമയുള്ള നീക്കങ്ങൾ പുതുമയുള്ളതും അപരിചിതവുമാണ്, ഒപ്പം ദൈവം ഇപ്പോൾ ചെയ്യുന്ന കാര്യത്തിലേക്ക് ചുവടുവെക്കുന്നതിന് നമ്മുടെ ഭാഗത്തുനിന്ന് വിശ്വാസവും ധൈര്യവും ആവശ്യമാണ്.

ദൈവം ഇന്ന് ഭൂമിയിൽ എന്താണ് ചെയ്യുന്നതെന്ന് നാം അറിഞ്ഞിരിക്കണം. നമ്മെ ഏൽപ്പിച്ചിരിക്കുന്നവരെ, ദൈവത്തിന്റെ സമയമനുസരിച്ച്, നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന മേഖലകളിലേക്കും വഴികളിലേക്കും നയിക്കാനുള്ള ഉത്തരവാദിത്തം നേതൃത്വത്തിലുള്ള നമുക്കുണ്ട്.

# 3. സമയങ്ങളും കാലഘട്ടങ്ങളും മനസ്സിലാക്കുക

**1 ദിനവൃത്താന്തം 12:32എ**

**യിസ്സാഖാർയ്യരിൽ യിസ്രായേൽ ഇന്നതു ചെയ്യേണം എന്നു അറിവാൻ തക്കവണ്ണം കാലജ്ഞന്മാരായ തലവന്മാർ ഇരുനൂറുപേർ;**

മേൽപ്പറഞ്ഞ വാക്യം സമയത്തെക്കുറിച്ച് ധാരണയുള്ള ഒരു പ്രത്യേക ആളുകളെ സൂചിപ്പിക്കുന്നു. അവർക്ക് '*കെയ്റോസ്*' നിമിഷങ്ങൾ അറിയാമായിരുന്നു. തങ്ങളുടെ സമയത്തിന് ഏറ്റവും അനുയോജ്യമായ പ്രവർത്തനം എന്താണെന്ന് അവർക്ക് അറിയാമായിരുന്നു. സമയങ്ങളും കാലഘട്ടങ്ങളും മനസ്സിലാക്കുന്നത് എന്തുചെയ്യണമെന്ന് അറിയാൻ നമ്മെ സഹായിക്കും. നമ്മുടെ വ്യക്തിജീവിതത്തിൽ വ്യത്യസ്തമായ സംഭവങ്ങളുണ്ട്, അതിനായി നാം ദൈവത്തിന്റെ സമയം തേടേണ്ടിവരും-ഉദാഹരണത്തിന്, ഒരു ശുശ്രൂഷ ആരംഭിക്കൽ, വിവാഹം, തൊഴിലിൽ മാറ്റം വരുത്തൽ, സുവിശേഷത്തിനുവേണ്ടി തന്ത്രപരമായി സ്ഥലംമാറൽ, അല്ലെങ്കിൽ ഒരു പുതിയ ബിസിനസ്സിലേക്ക് പ്രവേശിക്കൽ. തിരുവെഴുത്തുകളിൽ പ്രത്യേകമായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന ഏതാനും "കാലഘട്ടങ്ങൾ" നാം പരിഗണിക്കും.

ദൈവത്തിന്റെ പ്രവൃത്തികൾ, നീക്കങ്ങൾ, കാലയളവുകൾ എന്നിവ ഭൂമിയിൽ പ്രകാശനം ചെയ്യപ്പെടുന്നതിന് ഒരു പ്രത്യേക സമയമുണ്ടെന്ന് ഞാൻ നേരത്തെ പ്രസ്താവിച്ചു. ദൈവം ക്രമരഹിതമായ രീതിയിൽ പ്രവർത്തിക്കുന്നില്ല. പകരം, അവൻ ഭൂമിയിൽ പൂർത്തീകരിക്കാൻ ആഗ്രഹിക്കുന്ന ഒരു പുതിയ സൃഷ്ടി ആരംഭിക്കുകയും പ്രകാശനം ചെയ്യുകയും ചെയ്യുന്ന ഒരു മുൻകൂട്ടി നിശ്ചയിച്ച സമയമുണ്ട്. പല സന്ദർഭങ്ങളിലും, "നാഴിക വരുന്നു" എന്ന പ്രയോഗം ഉപയോഗിച്ചപ്പോൾ യേശു ഈ വസ്തുതയെ സൂചിപ്പിച്ചു. യേശുവിന്റെ അഭിപ്രായത്തിൽ, ആളുകൾ ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന ഒരു കാലം വരാനിരിക്കുകയാണ് (യോഹന്നാൻ 4:21,23). അത്തരമൊരു മണിക്കൂറിലാണ് നാം

ജീവിക്കുന്നത്. കൂടാതെ, മനുഷ്യാവതാരമായ ദൈവപുത്രനിലൂടെ സാത്താന്റെ നിർണ്ണായകമായ പരാജയത്തിന് ചരിത്രത്തിൽ ഒരു പ്രത്യേക സമയം നിശ്ചയിച്ചിരുന്നു. മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന ഈ സമയം വന്നിരിക്കുന്നുവെന്ന് യേശു അറിഞ്ഞപ്പോൾ അവൻ പ്രഖ്യാപിച്ചു, "*ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും.*" (യോഹന്നാൻ 12:31). യോവേൽ 2:28 ലും പ്രവൃത്തികൾ 2:17 ലും പറഞ്ഞിരിക്കുന്ന ദൈവാത്മാവിന്റെ മഹത്തായ പകർച്ചയുടെ സമയത്താണ് നാം ജീവിക്കുന്നത്, *അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും* എന്ന് ദൈവം പറയുന്നു. ദൈവത്തിന്റെ കലണ്ടറിലെ "അന്ത്യനാളുകൾ" എന്ന് വിളിക്കപ്പെടുന്ന, നാം ജീവിക്കുന്ന നാളുകളുടെ കാലഘട്ടത്തിനായുള്ള ദൈവത്തിന്റെ പ്രവർത്തനത്തെ ചിത്രീകരിക്കുന്നതിനായി സകല ജഡത്തിന്മേലുമുള്ള ദൈവത്തിന്റെ ആത്മാവിന്റെ ഈ പകർച്ച സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.

ഭൂമിയിലെ ദൈവത്തിന്റെ നീക്കങ്ങളെക്കുറിച്ചോ പ്രവൃത്തികളെക്കുറിച്ചോ നാം മനസ്സിലാക്കേണ്ട നിരവധി കാര്യങ്ങളുണ്ട്.

## നൽകപ്പെട്ട ഏത് സമയത്തും ഭൂമിയിൽ ആത്മാവിന്റെ ഒന്നിലധികം "ചലനങ്ങൾ" പ്രകാശനം ചെയ്യപ്പെടാം

ഉദാഹരണത്തിന്, നാം ജീവിക്കുന്ന കാലഘട്ടം, ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കാനുള്ള കാലഘട്ടം മാത്രമല്ല, ആത്മാവിന്റെ കവിഞ്ഞൊഴുക്ക് സ്വീകരിക്കുന്നതിനുള്ള കാലഘട്ടം കൂടിയാണ്. ഇത് നാം അറിയേണ്ടത് അത്യാവശ്യമാണ്. ഈ സത്യത്തെക്കുറിച്ച് അജ്ഞരായ അനേകം ആളുകൾ തങ്ങളെത്തന്നെ പരിമിതപ്പെടുത്തിയിരിക്കുന്നു-അതുവഴി അവരുടെ ജീവിതത്തിൽ ദൈവത്തിന്റെ പ്രവൃത്തി-ദൈവം ഭൂമിയിൽ ചെയ്യുന്ന അനേകം വൈവിധ്യമാർന്ന കാര്യങ്ങളിൽ ഏതെങ്കിലും ഒന്നിൽ മാത്രം പരിമിതപ്പെടുത്തപ്പെട്ടിരിക്കുന്നു. ദൈവം ചെയ്യുന്നത് ഒരേയൊരു കാര്യമാണെന്ന മട്ടിൽ അവർ അവരുടെ പരിമിതമായ ധാരണയും

കാഴ്ചപ്പാടും അവതരിപ്പിക്കുന്നു, ഇത് വ്യക്തമായും അനാരോഗ്യകരമായ നിലപാടാണ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ, ദൈവം ചെയ്യുന്ന എല്ലാ കാര്യങ്ങളും നാം അറിയുകയും തുറന്ന മനസുള്ളവരായിരിക്കുകയും വേണം. നമ്മുടെ ജീവിതത്തിലൂടെ ദൈവം നിറവേറ്റാൻ ആഗ്രഹിക്കുന്ന എല്ലാറ്റിനോടും നാം സഹകരിക്കുകയും പൊരുത്തപ്പെടുകയും വേണം. ദൈവം ചെയ്യുന്ന കാര്യങ്ങളുടെ വിവിധ വശങ്ങളിൽ ചിലത് സൂചിപ്പിക്കാൻ, വിശ്വാസം, ദൈവിക രോഗശാന്തി, വീണ്ടെടുപ്പ്, സമൃദ്ധി തുടങ്ങിയ വിഷയങ്ങളിൽ വളരെയധികം വിവരണങ്ങളോടെ ദൈവവചനം പഠിപ്പിക്കുന്നതിൽ വലിയ ഊന്നൽ നൽകുന്ന "വചന പ്രസ്ഥാനം" നാം കണ്ടു. ലോക ദൗത്യങ്ങൾ, സഭാ വളർച്ച, സ്തുതിയും ആരാധനയും, കുടുംബം, സാമൂഹിക/രാഷ്ട്രീയ പ്രവർത്തനങ്ങൾ, ആത്മീയ യുദ്ധം, പ്രവാചകത്വവും അപ്പോസ്തോലികവും എന്നിവയിൽ ഊന്നൽ നൽകുന്ന താരതമ്യേന പുതുമയുള്ള പ്രവർത്തനങ്ങളുണ്ട്. തുറന്ന് പറയുക, അറിയാവുന്നവയ്ക്കപ്പുറം മുന്നേറുക, ദൈവം ചെയ്യുന്ന വ്യത്യസ്ത കാര്യങ്ങൾക്കായി തയ്യാറാകുക. നിങ്ങളുടെ ജീവിതത്തിൽ നിങ്ങളെത്തന്നെയോ ദൈവത്തിന്റെ പ്രവൃത്തിയെയോ പരിമിതപ്പെടുത്തരുത്. ദൈവം ചെയ്യുന്ന വ്യത്യസ്തമായ ഒരു വേലയിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ വ്യത്യസ്തമായ "രീതിയിൽ" സംസാരിക്കുന്ന ഒരാളോട് സഹിഷ്ണുത പുലർത്തുക (സഹകരിക്കുക).

## ദൈവത്തിന്റെ ഓരോ നീക്കവും ഒരു പ്രത്യേക ഉദ്ദേശ്യം നിറവേറ്റുന്നു

ഈ കാലഘട്ടത്തിലെ ആത്മാവിന്റെ പകർച്ചയുടെ ഉദ്ദേശ്യങ്ങൾ യേശു വ്യക്തമായി പ്രസ്താവിച്ചു, "നിങ്ങൾ ഭൂമിയുടെ അറ്റത്തോളം *എന്റെ സാക്ഷികളാകും*" (അ.പ്രവൃത്തികൾ 1:8). ദൈവം ചെയ്യുന്ന കാര്യങ്ങൾ അവൻ എന്തിനാണ് ചെയ്യുന്നതെന്ന് നാം പരിശോധിച്ച് മനസ്സിലാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം "ഉദ്ദേശ്യം" നഷ്ടപ്പെട്ടു "വ്യവസ്ഥയിൽ" മാത്രം തുടരാനുള്ള സാധ്യതയുണ്ട്. ദൈവത്തിന്റെ ഉദ്ദിഷ്ടമായ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനുള്ള നമ്മുടെ ശ്രമങ്ങളെ വിലയിരുത്തുന്നതിനും ഇത് നമ്മെ സഹായിക്കും.

## ദൈവത്തിന്റെ ഓരോ നീക്കവും ദൈവത്തിന്റെ മറ്റെല്ലാ നീക്കങ്ങളെയും പരിപൂർണമാക്കുന്നു

ദൈവത്തിന്റെ വ്യത്യസ്ത നീക്കങ്ങൾ പരസ്പര വിരുദ്ധമല്ല, മറിച്ച് ദൈവം ചെയ്തുകൊണ്ടിരിക്കുന്ന മറ്റെല്ലാ കാര്യങ്ങളേയും കൂട്ടിച്ചേർക്കുന്നു. ഉദാഹരണത്തിന്, പരിശുദ്ധാത്മാവിന്റെ പകർച്ച സാക്ഷികളാകാൻ മാത്രമല്ല, ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. ആത്മാവിൽ ദൈവത്തെ ആരാധിക്കുന്നത് പിതാവിനെ പ്രസാദിപ്പിക്കുക മാത്രമല്ല, ശത്രുക്കൾക്കെതിരായ ആയുധം കൂടിയാണ്, കൂടാതെ സുവിശേഷം മറ്റു മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ സഹായിക്കുകയും ചെയ്യുന്നു. അതിനാൽ, മറ്റൊരു പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുമായി സഹവസിക്കുകയും പഠിക്കുകയും ചെയ്യുക, അതുവഴി നിങ്ങളുടെ ജീവിതം സമ്പുഷ്ടമാകും.

## ദൈവത്തിന്റെ ഭൂതകാല പ്രവൃത്തിയിൽ തുടരുമ്പോൾ ആളുകൾക്ക് തെറ്റ് സംഭവിക്കാൻ സാധ്യതയുണ്ട്

ദൈവത്തിന്റെ മുൻകാല നീക്കങ്ങൾ അറിയേണ്ടത് പ്രധാനമാണെങ്കിലും, ഭൂതകാലത്തിൽ ജീവിക്കാൻ നമുക്ക് സ്വയം അനുവദിക്കാനാവില്ല. വാഗ്ദത്ത ദേശത്തേക്ക് യാത്ര ചെയ്ത ഇസ്രായേല്യരുടെ ദൃഷ്ടാന്തം നോക്കുക. പല അവസരങ്ങളിലും അവർ നിരുത്സാഹിതരായിത്തീർന്നു. അവർ ദൈവത്തിനും മോശയ്ക്കുമെതിരെ പിറുപിറുക്കുകയും പരാതിപ്പെടുകയും ചെയ്തു. അങ്ങനെയുള്ള ഒരു അവസരത്തിൽ, അനേകം ആളുകളെ കൊന്നൊടുക്കുന്ന അഗ്നിസർപ്പങ്ങളെ പാളയങ്ങളിൽ പ്രവേശിക്കാൻ കർത്താവ് അനുവദിച്ചു. ജനങ്ങൾ അനുതപിച്ചപ്പോൾ, ദൈവം മോശയോട് ഒരു വെങ്കല സർപ്പത്തെ ഉണ്ടാക്കി അതിനെ ഒരു തണ്ടിൽ സ്ഥാപിക്കാൻ നിർദ്ദേശിച്ചു, അങ്ങനെ "കടിയേറ്റവരെല്ലാം അതിനെ നോക്കുമ്പോൾ ജീവിക്കും" (സംഖ്യ 21:1-9). അങ്ങനെ, അത് ആയിരുന്നു. ചരിത്രത്തിൽ ഏതാനും നൂറുവർഷങ്ങൾ കടന്നുപോകുമ്പോൾ, മോശെ ഉണ്ടാക്കിയ വെങ്കല സർപ്പത്തിന് ഇസ്രായേൽ ജനം ആരാധന വസ്തുവായി കണ്ട് ധൂപം കാട്ടിയതായി നാം കാണുന്നു (2

രാജാക്കന്മാർ 18:4). ദൈവജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്ന ഈ മാരകമായ തിന്മയെ നശിപ്പിക്കാൻ ദൈവം ഹിസ്കീയാവ് രാജാവിനെ ഉയർത്തി. ദൈവത്തിന്റെ ഭൂതകാല നീക്കത്തിന്റെ തിരുശേഷിപ്പുകളെ വിഗ്രഹാരാധനയെന്നവണ്ണം മുറുകെ പിടിക്കുന്നവർ ഇന്നുമുണ്ട്. ഇത് ദൈവത്തിന് അപ്രീതികരമായ തെറ്റിലേക്കും വഞ്ചനയിലേക്കും നയിക്കുന്നു.

## ദൈവം ചെയ്യുന്ന പുതിയ കാര്യത്തിലേക്ക് ചുവടുവെക്കാൻ തയ്യാറാകാത്തതിന് വലിയ വില കൊടുക്കേണ്ടി വരും

പലപ്പോഴും, ദൈവം പ്രവർത്തിക്കുന്നതും അവന്റെ സാന്നിദ്ധ്യം പ്രകടമാക്കുന്നതുമായി നാം കണ്ടിട്ടുള്ള ഒരു പ്രത്യേക “മാർഗ്ഗം” നമുക്ക് വളരെ ശീലമാക്കിയതിനാൽ, ദൈവം പ്രവർത്തിക്കുന്ന ആ വഴിയിൽ നാം മുറുകെ പിടിക്കാൻ തുടങ്ങുന്നു. വർത്തമാനകാലത്ത് പ്രവർത്തിക്കാൻ ദൈവം ആഗ്രഹിക്കുന്ന പുതിയ വഴിയിലേക്ക് തുറക്കുന്നതിൽ നാം പരാജയപ്പെടുന്നു. പഴയ നിയമത്തിലെ മഹാനായ നേതാവായ മോശയെ വിചിന്തനം ചെയ്യുക. ഒരു പാറമേൽ അടിക്കാൻ ദൈവം അവനോട് കല്പിച്ച ഒരു സമയമുണ്ടായിരുന്നു, അവൻ അത് ചെയ്തു, ദാഹിച്ച ഇസ്രായേല്യരെ തൃപ്തിപ്പെടുത്താൻ വെള്ളം പുറപ്പെട്ടു (പുറപ്പാട് 17: 1-7). കുറച്ച് വർഷങ്ങൾക്ക് ശേഷം, ജനങ്ങൾക്ക് വെള്ളം ആവശ്യമായി വന്നപ്പോൾ മോശയ്ക്ക് സമാനമായ ഒരു സാഹചര്യം നേരിട്ടു. എന്നിരുന്നാലും, ഇത്തവണ തന്റെ വടികൊണ്ട് അടിക്കുന്നതിന് പകരം പാറയോട് കല്പിക്കാൻ ദൈവം അവനോട് നിർദ്ദേശിച്ചു. പരാതി പറയുന്നവരായ ഇസ്രായേല്യരോട് മോശെ ദേഷ്യപ്പെട്ട് ചെന്ന് പാറയോട് കല്പിക്കുന്നതിന് പകരം വടികൊണ്ട് അടിച്ചു. അവൻ അതിനെ രണ്ടുതവണ അടിച്ചു (സംഖ്യ 20:1-13). തീർച്ചയായും, വെള്ളം പുറത്തേക്ക് ഒഴുകി, എന്നാൽ അവിശ്വാസത്തിനും അനുസരണക്കേടിനും ദൈവമുൻപാകെ മോശ പ്രതിയാകേണ്ടി വന്നു. ആ നിമിഷത്തിൽ മോശയ്ക്ക് താൻ മുമ്പ് ചെയ്തിരുന്നതും ഫലിക്കുമെന്ന് അറിയാവുന്നതുമായ കാര്യങ്ങൾ ചെയ്യുന്നത് കൂടുതൽ നല്ലതായി തോന്നിയതായി തോന്നുന്നു. പാറയോട് കല്പിക്കുന്നത് തനിക്കു അത്ര സുഖപ്രദമായിരുന്നില്ല. അത്ഭുതങ്ങൾക്ക് പിന്നിൽ

തന്റെ വടിയല്ല, ദൈവമാണെന്ന് അവൻ മറന്നിരിക്കാം. തന്റെ അവിശ്വാസത്തിന്റെ പേരിൽ മോശക്ക് മോശമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വന്നു. ഫലം സമാനമായിരിക്കാമെങ്കിലും ദൈവം പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന പുതിയ വഴികൾക്കായി നാം തയ്യാറായിരിക്കുകയാണോ?

## ഒരു ദർശനത്തിന്റെ പൂർത്തീകരണത്തിനുള്ള സമയം

**ഹബക്കൂക്ക് 2:2-3**

**2 യഹോവ എന്നോടു ഉത്തരം അരുളിയതു: നീ ദർശനം എഴുതുക; ഓടിച്ചു വായിപ്പാൻ തക്കവണ്ണം അതു പലകയിൽ തെളിവായി വരെക്കുക.**
**3 ദർശനത്തിന്നു ഒരു അവധിവെച്ചിരിക്കുന്നു; അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അതു വൈകിയാലും അതിന്നായി കാത്തിരിക്ക; അതു വരും നിശ്ചയം; താമസിക്കയുമില്ല.**

ദൈവം നിങ്ങളുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും സംസാരിക്കുന്ന ഓരോ വാക്കിനും അതിന്റെ ഫലപ്രാപ്തിക്കായി ഒരു നിശ്ചിത സമയമുണ്ട്. ഒരു സ്ത്രീ ഒരു കുഞ്ഞിന് ജന്മം നൽകുന്നത് പോലെയാണ് ഈ പ്രക്രിയ. ഗർഭധാരണത്തിന്റെ ഒരു സംഭവമുണ്ട് - ദൈവം തന്റെ സ്വപ്നം, തന്റെ ആശയം, തന്റെ തന്ത്രം, തന്റെ പദ്ധതി എന്നിവ നിങ്ങളുടെ ഹൃദയത്തിൽ സ്ഥാപിക്കുന്നു. ഒരു വ്യക്തിയെന്ന നിലയിൽ നിങ്ങളും ആവശ്യമായ മറ്റ് കാര്യ ക്രമങ്ങളും പദ്ധതിക്ക് അനുയോജ്യമായ രീതിയിൽ വിന്യസിച്ചിരിക്കുന്ന വികസന സമയത്തെ തുടർന്ന് പിന്തുടരുന്നു. ഒടുവിൽ ജനന സമയം വരുന്നു- ദർശനം യാഥാർത്ഥ്യമാകുന്നു. എന്നാൽ നാം അറിയേണ്ട കാര്യം കാത്തിരിപ്പിന്റെ ഒരു സമയമുണ്ട് - സമയത്തിന്റെ ഒരു കടന്നുപോക്ക്- ദർശനം നൽകിയ സമയം മുതൽ അത് യാഥാർത്ഥ്യമാകുന്ന സമയം വരെ. ഈ കാലഘട്ടത്തിലാണ് ദർശനം പൂർത്തീകരിക്കാനുള്ള അടിത്തറ പാകാൻ ദൈവം നമ്മെ പ്രാപ്തരാക്കുന്നത്. ദർശനം നടക്കുമെന്ന് ഉറപ്പുള്ളതിനാൽ, നമ്മുടെ ആസന്നമായ പ്രവൃത്തിയിൽ നാം ഉത്സാഹം കാണിക്കേണ്ടതുണ്ട്. ഈ കാത്തിരിപ്പ് കാലയളവിൽ, ദർശനം നിറവേറ്റാൻ നമ്മെ പ്രാപ്തരാക്കുന്ന - ജനങ്ങൾ, സ്ഥലങ്ങൾ, വസ്തുക്കൾ-ആവശ്യമായ എല്ലാം ദൈവം കൂട്ടിച്ചേർക്കുന്നു. ഒരിക്കൽ നമ്മൾ തയ്യാറാവുകയും

കാര്യങ്ങൾ വിന്യസിക്കുകയും ചെയ്തു കഴിഞ്ഞാൽ, 'കൈറോസ്' നിമിഷം വരുന്നു - ദർശനത്തിന്റെ പൂർത്തീകരണത്തിനുള്ള സമയം.

## ഫലം ആസ്വദിക്കാനുള്ള ഒരു സമയം

**സങ്കീർത്തനം 1:3എ)**

**അവൻ, ആറ്റരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായ്ക്കുന്നതും ഇലവാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും.**

ഫലം അതാതിന്റെ കാലഘട്ടത്തിൽ കായ്ക്കുന്നു. നമ്മുടെ അധ്വാനത്തിന്റെ ഫലം കാണാനും ആസ്വദിക്കാനും കഴിയുന്ന ഒരു സമയമുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു. കർത്താവ് നമ്മെ വിളിച്ചിരിക്കുന്ന ഒരു പ്രത്യേക മേഖലയിൽ നമ്മിൽ ചിലർ ഉത്സാഹത്തോടെ അധ്വാനിക്കുന്നുണ്ടാകാം. പലപ്പോഴും, ഫലം ഉടനടി കണ്ടില്ലെങ്കിൽ, അല്ലെങ്കിൽ പ്രതീക്ഷിച്ച സമയത്ത് ഫലം കാണാതെ വരുമ്പോൾ നാം നിരുത്സാഹപ്പെടുന്നു. സീസണല്ലാത്തപ്പോൾ പഴങ്ങൾ തിരയുന്നത് നിരുത്സാഹപ്പെടുത്താം. അതിന്റെ സീസണുകളിൽ ഫലം കായ്ക്കുമെന്ന് നാം മനസ്സിലാക്കണം. നമ്മുടെ അധ്വാനത്തിന്റെ ഫലം മുളയ്ക്കുന്നതിനും പൂക്കുന്നതിനും ഫലം കായ്ക്കുന്നതിനും ഒരു സമയമുണ്ട്. നാം അധ്വാനിക്കുമ്പോൾ, നാം വിളവെടുപ്പിന്റെ കർത്താവിലേക്ക് നോക്കണം, കാരണം തന്റെ സമയത്ത് അവനാണ് വർദ്ധനവ് നൽകുന്നത്.

## പരീക്ഷണത്തിന്റെയും പ്രലോഭനത്തിന്റെയും ഒരു സമയം

**ലൂക്കോസ് 4:13**

**അങ്ങനെ പിശാചു സകല പരീക്ഷയും തികെച്ചശേഷം കുറെ കാലത്തേക്കു അവനെ വിട്ടുമാറി.**

**എഫെസ്യർ 6:13**

**അതുകൊണ്ടു നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറെച്ചു നില്പാനും കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ.**

ഒരു വിശ്വാസിക്കെതിരെ തന്റെ ആക്രമണം അഴിച്ചുവിടാൻ പിശാച് “അനുയോജ്യമായ സമയങ്ങൾ” ആയി കാണുന്ന സമയങ്ങളും

കാലങ്ങളും ഉണ്ട്. പിശാച് തന്റെ ആക്രമണം ഉചിതമായ നിമിഷങ്ങളിൽ ആസൂത്രണം ചെയ്യുന്നു. അത്തരം സമയങ്ങളെ "ദുർദിവസം" എന്നും വിളിക്കുന്നു (എഫെസ്യർ 6:13). ചില കാരണങ്ങളാൽ, നമ്മൾ ഏറ്റവും ദുർബലരായേക്കാം അല്ലെങ്കിൽ ശത്രുക്കൾക്കായി തുറന്ന വാതിൽ അവശേഷിപ്പിക്കുന്ന സമയമാണിത്. യേശു അതിനെ "പ്രലോഭനത്തിന്റെ സമയം" എന്ന് വിശേഷിപ്പിച്ചു (ലൂക്കാ 8:13). അതിനാൽ, "നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ" (1 പത്രോസ് 5:8) എന്ന് നമുക്ക് മുന്നറിയിപ്പ് നൽകുന്നു. നമുക്കെതിരെ തിന്മയുടെ ആക്രമണത്തിന് പ്രത്യേക സമയങ്ങളും കാലഘട്ടങ്ങളും ഉണ്ടെന്ന് മനസ്സിലാക്കേണ്ടത് പ്രധാനമാണ്.

യുദ്ധം മറ്റ് അവസരങ്ങളെ അപേക്ഷിച്ച് കൂടുതൽ കഠിനവും ആയാസകരവുമായ സമയങ്ങളുണ്ട്. എന്നിരുന്നാലും, നമുക്ക് നിലനിൽക്കാനും ശത്രുവിന്റെ എല്ലാ പ്രവൃത്തികളേയും പരാജയപ്പെടുത്താനും കഴിയുമെന്ന് നമുക്കറിയാം. സാധാരണയായി, തീവ്രമായ പൈശാചിക ആക്രമണത്തിന്റെ അത്തരം സമയങ്ങൾ നാം നമ്മുടെ ജീവിതത്തിലെ ഒരു വലിയ വിജയത്തിന്റെയും മുന്നേറ്റത്തിന്റെയും വക്കിലാണ് എന്നതിന്റെ സൂചനയാണ്. കൂടാതെ, മറ്റ് വിശ്വാസികൾ കടന്നുപോകുന്ന കാലഘട്ടത്തോട് സംവേദനക്ഷമതയുള്ളവരായിരിക്കുന്നത് അത്തരം ഒരു സമയത്ത് അവരോടൊപ്പം നിൽക്കാനും അവർക്ക് പിന്തുണ നൽകാനും നമ്മെ പ്രാപ്തരാക്കും. "അനർത്ഥദിവസത്തിലും" (സങ്കീർത്തനം 41:1) "ദുഷ്കാലത്തിലും" (സങ്കീർത്തനം 37:18-19) ദൈവം തന്റെ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

## വിളവെടുപ്പിനുള്ള സമയം

**അ.പ്രവൃത്തികൾ 16:6-7**

**6 അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്നു പരിശുദ്ധാത്മാവു വിലക്കുകയാൽ ഫ്രുഗ്യയിലും ഗലാത്യദേശത്തിലും കൂടി സഞ്ചരിച്ചു,**
**7 മുസ്യയിൽ എത്തി ബിഥുന്യെക്കു പോകുവാൻ ശ്രമിച്ചു; യേശുവിന്റെ ആത്മാവോ അവരെ സമ്മതിച്ചില്ല.**

നമ്മുടെ ദൈവമാണ് വിളവെടുപ്പിന്റെ കർത്താവ്. ജാതികൾ അവന്റെ കൊയ്ത്തു വയലുകളാണ്. അവന്റെ ഓരോ വിളവെടുപ്പും എപ്പോൾ പാകമാകുമെന്ന് അവനറിയാം, കാരണം അവയെല്ലാം ഒരേസമയം പാകമാകില്ല. സുവിശേഷം പ്രഘോഷിക്കുന്നതിനായി ചില പ്രദേശങ്ങളിൽ പ്രവേശിക്കാൻ ശ്രമിച്ച പൗലോസിന്റെയും സഹപ്രവർത്തകരുടെയും അനുഭവങ്ങൾ നമുക്കറിയാം, പക്ഷേ പരിശുദ്ധാത്മാവ് അവരെ സമ്മതിച്ചില്ല. ഒരു പ്രത്യേക പ്രദേശം സുവിശേഷത്തിന് തയ്യാറാകാത്തതിന് നിരവധി കാരണങ്ങളുണ്ടാകാം. ഒരുപക്ഷേ, ആളുകൾ വചനം സ്വീകരിക്കാൻ തയ്യാറല്ലാത്തതിനാൽ പ്രാർത്ഥനയിലൂടെയും മാദ്ധ്യസ്ഥതയിലൂടെയും പ്രവർത്തിക്കണം. ഒരുപക്ഷേ, ആ പ്രദേശത്തെ ചുമതലയുടെ വെല്ലുവിളികളെ നേരിടാൻ വേലക്കാർ സജ്ജരല്ലായിരിക്കാം അല്ലെങ്കിൽ ഒരുപക്ഷേ, പിന്നീട് ഇടപെട്ടാൽ കൂടുതൽ വിളവെടുപ്പ് ലഭിക്കുമായിരിക്കും. എന്തുതന്നെയായാലും, പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തെ പിന്തുടർന്ന്, ദൈവത്തിന്റെ സമയത്തിനൊപ്പം കാലടികൾ വെച്ച് നടന്ന് ദൈവത്തിന്റെ വിളവെടുപ്പ് വയലുകളിലേക്ക് ഇറങ്ങുമ്പോൾ നാം സംവേദനക്ഷമതയുള്ളവരായിരിക്കണം.

## ദൈവത്തിന്റെ ഭവനം പണിയാനുള്ള സമയം

**ഹഗ്ഗായി 1:1-4**

**1 ദാര്യാവേശ് രാജാവിന്റെ രണ്ടാം ആണ്ടു, ആറാം മാസം, ഒന്നാം തിയ്യതി യഹോവയുടെ അരുളപ്പാടു ഹഗ്ഗായിപ്രവാചകൻ മുഖാന്തരം യെഹൂദാദേശാധിപതിയായി ശെയല്തീയേലിന്റെ മകനായ സെരുബ്ബാബേലിന്നും മഹാപുരോഹിതനായി യെഹോസാദാക്കിന്റെ മകനായ യോശുവെക്കും ഉണ്ടായതെന്തെന്നാൽ:**
**2 സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യഹോവയുടെ ആലയം പണിവാനുള്ള കാലം വന്നിട്ടില്ലെന്നു ഈ ജനം പറയുന്നുവല്ലോ.**
**3 ഹഗ്ഗായി പ്രവാചകൻ മുഖാന്തരം യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ:**
**4 ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്കു തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ?**

**ഹഗ്ഗായി 1:8**

**നിങ്ങൾ മലയിൽ ചെന്നു മരം കൊണ്ടുവന്നു ആലയം പണിവിൻ; ഞാൻ അതിൽ പ്രസാദിച്ചു മഹത്വപ്പെടും എന്നു യഹോവ കല്പിക്കുന്നു.**

പഴയനിയമത്തിലെ ദൈവജനം ദൈവത്തിന്റെ സമയം നഷ്ടപ്പെടുത്തുകയും അനുചിതമായ കാര്യങ്ങൾ ചെയ്യുന്നതിൽ കുറ്റക്കാരാകുകയും ചെയ്തു. അവർ ആലയത്തിന്റെ പുനർനിർമ്മാണം അവഗണിക്കുകയും സ്വന്തം വീടുകൾ പണിയുന്നതിൽ മുഴുകുകയും ചെയ്തു. ഒരു സമാന്തര ചിന്തയിലൂടെ, നമ്മുടെ നാളിൽ ദൈവം ആലയം പണിയുന്നത്, "ഇഷ്ടികയും ചാന്തും" കൊണ്ടല്ല, പിന്നെയോ "ജീവനുള്ള കല്ലുകൾ" കൊണ്ടാണ് പണിയുന്നതെന്ന് നമുക്കറിയാം. ഇതാണ് സഭ, യേശു പറഞ്ഞു താൻ പണിയുകയും അതിനായി അവൻ കൃപാ വര ശുശ്രൂഷകളെ നിയമിക്കുകയും വിശുദ്ധന്മാരെ വിളിക്കുകയും ചെയ്തു (എഫെസ്യർ 4:7-11). സ്വന്തം താൽക്കാലിക ഭവനങ്ങൾ അല്ല കർത്താവിന്റെ ഭവനം പണിയേണ്ടതിന്റെ ആവശ്യകത കൂടുതൽ കൂടുതൽ ആളുകൾക്ക് അനുഭവപ്പെടാൻ തുടങ്ങുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ആയിരിക്കുന്നത്. സ്വന്തം വീടുകൾ (സ്വന്തം ആഡംബരങ്ങൾ അല്ലെങ്കിൽ സ്വകാര്യ ക്രിസ്ത്യൻ സംരംഭങ്ങൾ) പണിയുന്നത് നിർത്തി സഭയുടെ നിർമ്മാണത്തിൽ നിക്ഷേപിക്കാൻ പഴയ കാലത്തെപ്പോലെ ദൈവം തന്റെ ജനത്തെ വിളിക്കുന്ന ഒരു സമയം വരുന്നു. ഇതിനർത്ഥം ത്യാഗപൂർവ്വം ജീവിക്കുക, ഉദാരമായി കൊടുക്കുക, നിർഭയമായി പോകുക എന്നിങ്ങനെയുള്ള പുതിയ ജീവിതശൈലികളുമായി പൊരുത്തപ്പെടാൻ നാം തയ്യാറായിരിക്കണം എന്നാണ്.

## നിശബ്ദ വർഷങ്ങൾ

**ഗലാത്യർ 1:15-18**

**15 എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ**
**വിളിച്ചിരിക്കുന്ന ദൈവം**
**16 തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ**
**അറിയിക്കേണ്ടതിന്നു അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ ഞാൻ**
**മാംസരക്തങ്ങളോടു ആലോചിക്കയോ**
**17 എനിക്കു മുമ്പെ അപ്പൊസ്തലന്മാരായവരുടെ അടുക്കൽ യെരൂശലേമിലേക്കു**
**പോകയോ ചെയ്യാതെ നേരെ അറബിയിലേക്കു പോകയും ദമസ്കൊസിലേക്കു**
**മടങ്ങിപ്പോരുകയും ചെയ്തു.**
**18 മൂവാണ്ടു കഴിഞ്ഞിട്ടു കേഫാവുമായി മുഖപരിചയമാകേണ്ടതിന്നു**
**യെരൂശലേമിലേക്കു പോയി പതിനഞ്ചുദിവസം അവനോടുകടെ പാർത്തു.**

**ഗലാത്യർ 2:1**

**പതിന്നാലു ആണ്ടു കഴിഞ്ഞിട്ടു ഞാൻ ബർന്നബാസുമായി തീതൊസിനെയും കൂട്ടിക്കൊണ്ടു വീണ്ടും യെരൂശലേമിലേക്കു പോയി.**

ദൈവിക മനുഷ്യരിൽ പലരും-ദൈവം ഉയർത്തിയ നേതാക്കൾ-അനേകം വർഷങ്ങളോളം "നിശബ്ദമായി" തയ്യാറെടുപ്പിനായി ചെലവഴിച്ചതായി നാം തിരുവെഴുത്തിലുടനീളം നിരീക്ഷിക്കുന്നു. നാം ആ വർഷങ്ങളെ "നിശബ്ദത" എന്ന് വിളിക്കുന്നു, കാരണം ആ കാലയളവിൽ അവർ ചെയ്ത കാര്യങ്ങളെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. ദൈവം അവരെ വിളിച്ചതിന് വേണ്ടി അവർ പരിശീലിപ്പിക്കപ്പെടുകയും ഒരുങ്ങുകയും ചെയ്തു. തുടർന്ന് നിശബ്ദമായ വർഷങ്ങളുടെ അവസാനത്തിൽ, ദൈവം അവരെ ഒരു പ്രമുഖ ശുശ്രൂഷയിലേക്ക് പ്രവേശിപ്പിച്ചു. പൗലോസിന്റെ ജീവിതത്തിൽ നാം ഇത് വ്യക്തമായി കാണുന്നു. അവൻ രക്ഷിക്കപ്പെടുകയും ഒരു അപ്പോസ്തലനാകാൻ വിളിക്കപ്പെടുകയും ചെയ്തു. എന്നാൽ വർഷങ്ങൾക്കുശേഷമാണ് അവൻ ഒരു അപ്പോസ്തലന്റെ അഭിഷേകത്തിന്റെ പൂർണതയിലേക്ക് പ്രവേശിച്ചത്. ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്നതിനെത്തുടർന്ന് താൻ അറേബ്യയിൽ നിരവധി നിശബ്ദ വർഷങ്ങൾ ചിലവഴിച്ചു. ഒരുപക്ഷേ 10 വർഷത്തിനുശേഷം, അന്ത്യോക്യയിലെ സഭയിൽ ഒരു അധ്യാപകനായി അവൻ തന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ചു.

ഏകദേശം മൂന്നു വർഷത്തിനു ശേഷം, തന്റെ അപ്പസ്തോലിക ശുശ്രൂഷ ആരംഭിക്കാൻ പരിശുദ്ധാത്മാവിനാൽ അവൻ വിളിക്കപ്പെട്ടു (അ. പ്രവൃത്തികൾ 13:1-3). തന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പ് 30 നിശബ്ദ വർഷങ്ങൾ ചെലവഴിച്ച നമ്മുടെ കർത്താവായ യേശുവിന്റെ ജീവിതത്തിലും നാം ഇത് കാണുന്നു. യോസഫ് ഏകദേശം 13 വർഷം കാത്തിരുന്നു, മോശ 40 വർഷം കാത്തിരുന്നു, പട്ടിക നീളുന്നു. നിശബ്ദമായ വർഷങ്ങൾ നിഷ്ക്രിയത്വത്തിന്റെ സമയമല്ല, മറിച്ച് തയ്യാറെടുപ്പിന്റെ സമയമാണെന്ന് തിരിച്ചറിയേണ്ടത് പ്രധാനമാണ്, ദൈവം അവരെ വിളിച്ചതിന്റെ പ്രധാന വശങ്ങൾ അവിടെ അവർ പഠിക്കുന്നു. ദൈവം ഒരാളിൽ എടുക്കുന്ന ഒരുക്കങ്ങൾ മറ്റൊരാൾ എടുക്കുന്ന തയ്യാറെടുപ്പിൽ നിന്ന് തികച്ചും വ്യത്യസ്തമായിരിക്കും. ദൈവത്തിന്റെ "പരിശീലന കാര്യക്രമം" ഓരോ വ്യക്തിക്കും അനുയോജ്യമായതാണ്.

നമ്മിൽ പലരും പരിശീലന കാലഘട്ടത്തിലാണ്. നമ്മൾ ഇപ്പോൾ ചെയ്യുന്നത് വരാനിരിക്കുന്ന എല്ലാറ്റിന്റെയും അടിസ്ഥാനമാണ്. അതിനാൽ പ്രവൃത്തിക്കുന്നതിൽ  വിശ്വസ്തരായിരിക്കുക, എല്ലാറ്റിനുമുപരിയായി, പഠിക്കാനും പരിശീലിപ്പിക്കാനും തയ്യാറെടുക്കാനും തയ്യാറാകുക.

# 4. വിവേചനത്തോടെ നമ്മുടെ ജീവിതത്തെ ക്രമീകരിക്കുക

**സഭാപ്രസംഗി 8:5b-6a**

**5 ...ജ്ഞാനിയുടെ ഹൃദയം കാലത്തെയും ന്യായത്തെയും വിവേചിക്കുന്നു.**
**6 സകല കാര്യത്തിന്നും കാലവും ന്യായവും ഉണ്ടല്ലോ;...**

**ലൂക്കോസ് 12:54-56**

**54 പിന്നെ അവൻ പുരുഷാരത്തോടു പറഞ്ഞതു: "പടിഞ്ഞാറുനിന്നു മേഘം പൊങ്ങുന്നതു കാണുമ്പോൾ പെരുമഴ വരുന്നു എന്നു നിങ്ങൾ ഉടനെ പറയുന്നു; അങ്ങനെ സംഭവിക്കയും ചെയ്യുന്നു.**
**55 തെക്കൻ കാറ്റു ഊതുന്നതു കണ്ടാലോ അത്യുഷ്ണം ഉണ്ടാകും എന്നു പറയുന്നു; അതു സംഭവിക്കയും ചെയ്യുന്നു.**
**56 കപടഭക്തിക്കാരേ, ഭൂമിയുടെയും ആകാശത്തിന്റെയും ഭാവത്തെ വിവേചിപ്പാൻ നിങ്ങൾക്കു അറിയാം;**

ഏതൊരു ജോലിയുടെയും ശരിയായ സമയവും ശരിയായ പ്രവർത്തനരീതിയും തിരിച്ചറിയാൻ ജ്ഞാനിയായ ഒരു മനുഷ്യന് കഴിയും. എല്ലാ കാര്യത്തിനും ജോലിക്കും-ഒരു ശുശ്രൂഷ ആരംഭിക്കൽ, വിവാഹം, തൊഴിലിൽ മാറ്റം വരുത്തൽ, സുവിശേഷത്തിനുവേണ്ടി തന്ത്രപരമായി സ്ഥലംമാറ്റം, അല്ലെങ്കിൽ ഒരു പുതിയ ബിസിനസ്സിലേക്ക് പ്രവേശിക്കൽ എന്നിവയ്ക്ക്-ഒരു ശരിയായ സമയവും ശരിയായ നടപടിയുമുണ്ട്. ചെയ്യേണ്ട ശരിയായ കാര്യം. ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ജ്ഞാനികളാകാനാണ്-സമയത്തേയും ന്യായവിധിയേയും വിവേചിച്ചറിയാൻ കഴിയുന്ന ആളുകൾ ആകാൻ തന്നെ.

നമ്മുടെ ജീവിതത്തിന്റെ സമയവും കാലവും (വ്യക്തികളായി അല്ലെങ്കിൽ കൂട്ടമായി) തിരിച്ചറിയുന്നത് ഉചിതമായ നടപടിയെടുക്കാനുള്ള ഉത്തരവാദിത്തം കൊണ്ടുവരുന്നു. പൗലോസ് എഴുതി, ഇതു ചെയ്യേണ്ടതു ഉറക്കത്തിൽനിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം

അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. പകൽസമയത്തു എന്നപോലെ നാം മര്യാദയായി നടക്ക; ... (റോമർ 13:11-13). സമയം എത്രയാണെന്ന് നമുക്കറിയാവുന്നതിനാൽ അതിനനുസൃതമായി ജീവിക്കാൻ നമ്മെ ഉപദേശിക്കുന്നു. സമയത്തെക്കുറിച്ച് വ്യക്തമായ ധാരണയോടെ ജീവിതം ക്രമീകരിക്കുന്നവരാണ് വിവേകമുള്ള ആളുകൾ. തക്കസമയത്തു പറയുന്ന വാക്ക് (സദൃശവാക്യങ്ങൾ 15:23), കാരണം അവർ ദൈവത്തിന്റെ ശബ്ദം കേൾക്കാൻ തങ്ങളെത്തന്നെ അച്ചടക്കത്തിലാക്കുന്നു (യെശയ്യാവ് 50:4-5). ദൈവത്തെ സേവിക്കുന്ന കാര്യം വരുമ്പോൾ അവർ എപ്പോഴും തയ്യാറാണ്. അവർ “സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്കുന്നവരാണ്” (2 തിമോത്തി 4:2). അവർ ജീവിക്കുന്ന കാലത്തിന്റെ അടിയന്തിരതയെക്കുറിച്ച് അവർക്ക് ബോധ്യമുള്ളതിനാൽ ദൈവത്തിന് എപ്പോൾ വേണമെങ്കിലും അവരെ വിളിക്കാൻ കഴിയും. അതിനാൽ, അവർ നിരന്തരമായ സന്നദ്ധതയിൽ അച്ചടക്കമുള്ള ജീവിതം നയിക്കുന്നു. ഹൃദയം തളരാത്തവരും നന്മ ചെയ്യുന്നതിൽ ഒരിക്കലും മടുപ്പില്ലാത്തവരുമായ ആളുകളാണിവർ, കാരണം “തക്കസമയത്ത്” അവർ പ്രതിഫലം പ്രാപിക്കുമെന്ന് അവർക്കറിയാം (ഗലാത്യർ 6:9). അവർ പ്രശസ്തി അന്വേഷിക്കുകയോ അധികാരം ദുരുപയോഗം ചെയ്യുകയോ ചെയ്യാതെ വിനയത്തോടെ ജീവിക്കുന്നവരും നടക്കുന്നവരുമാണ്. “തക്കസമയത്ത്” ദൈവം തങ്ങളെ ഉയർത്തുമെന്ന് അവർക്കറിയാം (1 പത്രോസ് 5:5-6) അവർ മനുഷ്യന്റെ പ്രശംസ തേടുന്നില്ല. എങ്ങനെയാണ് നമ്മൾ നമ്മുടെ ജീവിതം ക്രമപ്പെടുത്തുന്നത്? ദൈവത്തിന്റെ ഘടികാര പ്രകാരം ജീവിക്കാനും അവന്റെ സമയത്തിന് ഒപ്പം കാലടികൾ വെച്ചു നടക്കാൻ നാം ശ്രമിക്കുന്നുണ്ടോ? അതോ, മറ്റുള്ളവർ ചെയ്യുന്നതു കാണുമ്പോൾ നാം കാര്യങ്ങൾ ചെയ്തുകൊണ്ട് ക്രമരഹിതമായ രീതിയിൽ ജീവിക്കുകയാണോ. വിവേകത്തോടെ നമുക്ക് നമ്മുടെ ജീവിതത്തെ ക്രമീകരിക്കാം-നമ്മുടെ മുൻഗണനകൾ പുനഃക്രമീകരിക്കുക, നമ്മുടെ പദ്ധതികൾ മാറ്റുക, ദൈവം നമ്മെ കൊണ്ടുപോകുന്ന സമയങ്ങൾക്കും കാലഘട്ടങ്ങൾക്കും അനുസരിച്ച് നമ്മുടെ ജീവിതത്തെ മാറ്റുക.

സമയത്തെ വിവേചിച്ചറിയാൻ കഴിയുക എന്നത് നിലവിലുള്ള സാഹചര്യങ്ങൾ നിരീക്ഷിച്ച് കാലാവസ്ഥ പറയാൻ കഴിയുന്നതുപോലെയാണ്. തന്നെ അനുഗമിച്ച ജനക്കൂട്ടത്തോടുള്ള ശക്തമായ ശാസനയിൽ യേശു ഈ താരതമ്യം ഉപയോഗിച്ചു. ആളുകൾ മേഘങ്ങളുടെ അവസ്ഥയും കാറ്റിന്റെ ദിശയും കണ്ടു, അങ്ങനെ കാലാവസ്ഥ പ്രവചിക്കാൻ കഴിഞ്ഞു. എന്നിരുന്നാലും, അവർക്ക് സമയം തിരിച്ചറിയാൻ കഴിഞ്ഞില്ല. ഈ ഉപയോഗപ്രദമായ സാമ്യത്തിൽ നിന്ന്, ദൈവം നമ്മെ നയിക്കുന്ന സമയങ്ങളെയും കാലങ്ങളെയും വിവേചിച്ച് ശരിയായി പ്രതികരിക്കാൻ സഹായിക്കുന്ന ചില പരാമർശങ്ങൾ നമുക്ക് നടത്താം. സമയവും കാലവും  വിവേചിച്ചറിയുന്നതിനുള്ള താക്കോലാണ് നിരീക്ഷകരായിരിക്കുക എന്നത്.

## നിങ്ങളുടെ ഉള്ളിലുള്ള ദൈവാത്മാവ് നയിക്കുന്നത് നിരീക്ഷിക്കുക

നിങ്ങളിൽ പ്രവർത്തിക്കുന്ന പ്രക്രിയയിൽ, ദൈവം തന്റെ പദ്ധതികളും ലക്ഷ്യങ്ങളും നിങ്ങൾക്ക് വെളിപ്പെടുത്തുന്നു. അവന്റെ ആത്മാവിലൂടെയും അവന്റെ വചനത്തിലൂടെയും അവൻ നിങ്ങളിൽ ജനിപ്പിക്കുന്ന ശക്തമായ ആഗ്രഹങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും ഉണ്ട്. നഷ്ടപ്പെട്ടവരിലേക്ക് എത്തുക, അവന്റെ വചനം പഠിപ്പിക്കുക, ഒരു ബിസിനസുകാരനാകുക, അങ്ങനെ പലതും ആകാൻ അകത്തെ മനുഷ്യനിൽ ജ്വലിക്കുന്ന ഒരു ആവേശം നിങ്ങൾ കണ്ടെത്തും. ഇതാണ് ദൈവം നിങ്ങളോട് ആശയവിനിമയം നടത്തുന്നത്. ദൈവത്തിന്റെ അത്തരം പ്രവൃത്തികൾ നിരീക്ഷിക്കുക.

## നിങ്ങളുടെ ജീവിതത്തിലെ സാഹചര്യങ്ങളും സംഭവങ്ങളും നിരീക്ഷിക്കുക

നിങ്ങളുടെ സമയങ്ങൾ, നിങ്ങളുടെ ജീവിതത്തിലെ സംഭവങ്ങൾ, ദൈവത്തിന്റെ കരങ്ങളിലാണ് (സങ്കീർത്തനം 31:15). കാര്യങ്ങൾ വെറുതെ സംഭവിക്കുന്നില്ല. പലപ്പോഴും, ദൈവം നിങ്ങൾക്കായി പ്രത്യേക സംഭവങ്ങളും സാഹചര്യങ്ങളും ക്രമീകരിക്കുന്നുവെന്ന്

മനസ്സിലാക്കുക. നിങ്ങളുടെ വഴിക്ക് വരുന്ന ഈ കാര്യങ്ങളിലൂടെ അവൻ നിങ്ങളിലേക്ക് എത്തിക്കുന്ന ഒരു കാര്യമുണ്ട്. ഒരുപക്ഷേ അത് ഒരു ദൈവപുരുഷനുമായോ ഒരു വലിയ കോർപ്പറേഷന്റെ പ്രസിഡന്റുമായോ ഉള്ള ദൈവിക കൂടിക്കാഴ്ചയായിരിക്കാം. ഒരു പ്രത്യേക ജോലിയിൽ ഏർപ്പെടാനും ഒരു പ്രത്യേക സന്ദേശം പ്രസംഗിക്കുന്നത് ശ്രദ്ധിക്കാനും അല്ലെങ്കിൽ ഒരു സുഹൃത്ത് നടത്തിയേക്കാവുന്ന ഒരു പരാമർശം കേൾക്കാനും അങ്ങനെ പലതിനും ഇത് ഒരു അവസരമായിരിക്കാം. ജീവിതത്തിലെ സാധാരണ സംഭവങ്ങളിലൂടെ ദൈവത്തിന് നിങ്ങളോട് സംസാരിക്കാൻ കഴിയും. അവൻ എപ്പോഴാണ് സംസാരിക്കുന്നതെന്ന് അറിയാൻ സംവേദന ക്ഷമതയുള്ളവനായിരിക്കുക (അവൻ സംസാരിക്കാത്തപ്പോഴും!) അവൻ എന്താണ് പറയുന്നതെന്ന് നിരീക്ഷിക്കുക.

## നിങ്ങളിൽ ഉള്ള ദൈവാത്മാവിന്റെ ചലനത്തെ പെട്ടന്നുള്ള സംഭവങ്ങളുമായി ബന്ധപ്പെടുത്തി നടപടിയെടുക്കുക

നിങ്ങൾ തെരുവിലായിരിക്കുകയും ആകാശത്ത് ഇരുണ്ട മേഘങ്ങൾ കൂടുന്നത് കാണുകയും നിങ്ങൾ മഴയുടെ ഗന്ധം അനുഭവിക്കുകയും അല്ലെങ്കിൽ ആദ്യത്തെ തുള്ളികൾ വീഴുന്നതായി അനുഭവപ്പെടുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ സാധാരണയായി സുരക്ഷിതനാകാതെ നിൽക്കുകയും നനയുകയും ചെയ്യില്ല. നിങ്ങളുടെ കുട പുറത്തെടുക്കുകയോ ഒരു അഭയകേന്ദ്രത്തിനടിയിൽ കയറുകയോ ചെയ്യും. അതുപോലെ, നിങ്ങൾ ആത്മാവിന്റെ നേതൃത്വത്തോടും നിങ്ങളുടെ ജീവിതത്തിലെ സാഹചര്യങ്ങളോടും സംവേദനക്ഷമതയുള്ളവരായതിനാൽ, നിങ്ങൾ ഇത് രണ്ടും തുടർച്ചയായി ബന്ധപ്പെടുത്തുകയും ഉചിതമായ നടപടി സ്വീകരിക്കുകയും വേണം.

## ജീവിതത്തിലെ കാലഘട്ടങ്ങളെക്കുറിച്ച് സംവേദനക്ഷമതയുള്ളവരായിരിക്കുക

തീവ്രമായ താപനിലയുള്ള ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവർക്ക്, കാലഘട്ടത്തിന് അനുയോജ്യമായ വസ്ത്രങ്ങൾ

ധരിക്കേണ്ടതിന്റെ പ്രാധാന്യം അറിയാം. ശൈത്യകാലത്ത്, അവർ കട്ടിയുള്ള ചൂടുള്ള വസ്ത്രങ്ങൾ ധരിക്കുകയും വേനൽക്കാലത്ത് അവർ ഭാരം കുറഞ്ഞ വസ്ത്രങ്ങൾ ധരിക്കുകയും ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിലവിലുള്ള കാലാവസ്ഥയ്ക്ക് അനുസൃതമായി നമ്മൾ വസ്ത്രധാരണ രീതികൾ ക്രമീകരിക്കുന്നു. സമാനമായ അർത്ഥത്തിൽ, വിശ്വാസികൾ എന്ന നിലയിൽ, ദൈവം നമ്മെ കൊണ്ടുപോകുന്ന ജീവിത കാലഘട്ടത്തിന് അനുസൃതമായി നാം നമ്മുടെ ജീവിതത്തെ ക്രമീകരിക്കുകയും സ്വയം പെരുമാറുകയും വേണം.

## തയ്യാറെടുപ്പിന്റെ കാലഘട്ടങ്ങളിലൂടെ ദൈവം നിങ്ങളെ കൊണ്ടുപോകും

നമ്മെ വിളിച്ചിരിക്കുന്ന വേലയ്ക്കായി ദൈവം നമ്മെ ഒരുക്കുന്നുവെന്ന് നാമെല്ലാവരും മനസ്സിലാക്കുന്നു. സാധാരണയായി തയ്യാറെടുപ്പിന്റെ നിരവധി കാലഘട്ടങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുന്നതിൽ നമ്മൾ പരാജയപ്പെട്ടേക്കാം. ഉദാഹരണത്തിന്, നിങ്ങൾ പുതിയ വൈദഗ്ദ്ധ്യങ്ങളും കഴിവുകളും പഠിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന തയ്യാറെടുപ്പിന്റെ ഒരു കാലഘട്ടത്തിലൂടെ കടന്നുപോകാം. ഇത് അവസാനിച്ചുകഴിഞ്ഞാൽ, നിങ്ങളുടെ ഹൃദയത്തിലുള്ള സ്വപ്നവും പദ്ധതിയും നടപ്പിലാക്കാൻ ദൈവം നിങ്ങളെ പുറത്തു വിടുമെന്ന് നിങ്ങൾ ഊഹിച്ചേക്കാം. ഈ കാലഘട്ടം അവസാനിക്കുമ്പോൾ, നിങ്ങളുടെ ഹൃദയത്തിലെ സ്വപ്നം സാക്ഷാത്കരിക്കാൻ തുടങ്ങുന്നതിനുപകരം, നിങ്ങളുടെ ജീവിതത്തിന്റെ മറ്റേതെങ്കിലും വശങ്ങൾ ദൈവം കൈകാര്യം ചെയ്യുന്ന മറ്റൊരു തയ്യാറെടുപ്പിന്റെ കാലഘട്ടത്തിലേക്ക് നിങ്ങൾ കാലെടുത്തുവയ്ക്കുന്നത് അതിശയകരമായിരിക്കാം. ഒരുപക്ഷേ ഈ കാലഘട്ടത്തിൽ, അവൻ നിങ്ങളുടെ ഹൃദയത്തിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ തുടങ്ങുന്നു - സ്വഭാവവും അച്ചടക്കവും വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

## ഓരോ കാലഘട്ടവും നിങ്ങളെ അടുത്തതിനായി തയ്യാറാക്കുന്നു

ദൈവം നിങ്ങളെ കൊണ്ടുപോകുന്ന വ്യത്യസ്ത കാലഘട്ടങ്ങൾ, നിങ്ങൾ കടന്നുപോകുകയും നിങ്ങളെ മറക്കുകയും ചെയ്യുന്ന ജീവിതത്തിന്റെ ഒറ്റപ്പെട്ട കാലഘട്ടങ്ങളല്ല. മറിച്ച്, ഓരോ കാലഘട്ടവും ജീവിതത്തിന്റെ മുൻ കാലഘട്ടത്തിന്മേൽ കെട്ടിപ്പടുത്തപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെ ഈ കാലഘട്ടങ്ങളിൽ നിങ്ങൾ പഠിക്കുന്ന കാര്യങ്ങൾ ജീവിതത്തിന്റെ അടുത്ത അല്ലെങ്കിൽ ഭാവി കാലത്ത് വരാനിരിക്കുന്ന വെല്ലുവിളികൾക്ക് നിങ്ങളെ തയ്യാറാക്കും. അതിനാൽ, ജീവിതത്തിലെ ഓരോ കാലഘട്ടവും പ്രധാനമാണ്.

## കാലഘട്ടങ്ങൾ മാറുമ്പോൾ മാറാൻ തയ്യാറാവുക

കാലഘട്ടങ്ങൾ മാറുകയും ജീവിതം പരിവർത്തനങ്ങളിലൂടെ കടന്നുപോകുകയും ചെയ്യുമ്പോൾ, മാറ്റം അനിവാര്യമാകും. ഉദാഹരണത്തിന്, ജീവിതത്തിന്റെ ഇപ്പോഴത്തെ കാലഘട്ടത്തിൽ നിങ്ങൾ ഒരു പ്രത്യേക സ്ഥലത്ത് പ്രത്യേക സുഹൃത്തുക്കളുമായി താമസിക്കുകയും പ്രത്യേക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിരിക്കാം. നിങ്ങൾ ജീവിക്കുന്ന ജീവിതത്തിന്റെ കാലഘട്ടം ദൈവം മാറ്റുമ്പോൾ, നിങ്ങൾ ഒരു പുതിയ സ്ഥലത്തേക്ക് മാറാനും പുതിയ സുഹൃത്തുക്കളെ ഉണ്ടാക്കാനും തികച്ചും പുതിയ തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ദൈവം ആവശ്യപ്പെട്ടേക്കാം. എന്നിരുന്നാലും, നിങ്ങളിൽ ചിലർക്ക് ഇത് ചെയ്യാൻ ബുദ്ധിമുട്ട് തോന്നിയേക്കാം, കാരണം നിങ്ങൾ പരിചിതരായവരോടൊപ്പം ആനന്ദിക്കുകയും അജ്ഞാതരെ ഭയപ്പെടുകയും ചെയ്യാം. നിങ്ങളുടെ വർത്തമാനത്തിൽ നിന്ന് ദൈവം നിങ്ങൾക്ക് വേണ്ടി വെച്ചിട്ടുള്ള ഭാവിയിലേക്ക് മാറാൻ നിങ്ങൾ തയ്യാറായിരിക്കണം.

## ദീർഘവീക്ഷണം ഉണ്ടായിരിക്കുകയും അടുത്ത കാലഘട്ടത്തിനായി തയ്യാറെടുക്കുകയും ചെയ്യുക

ചില സമയങ്ങളിൽ, നിങ്ങളുടെ ജീവിതകാലം ഒരു നിശ്ചിത സമയത്ത് മാറുമെന്ന് നിങ്ങൾക്കറിയാം. ഉദാഹരണത്തിന്, ഏതാനും മാസങ്ങൾക്കുള്ളിൽ നിങ്ങൾ അവിവാഹിതനായിരിക്കുന്നതിൽ നിന്ന്

വിവാഹിതനാകുന്ന വ്യക്തിയായിത്തീരും. വളരെ വിദൂരമല്ലാത്ത ഭാവിയിലാണ് ഈ പരിവർത്തനം വരുന്നതെന്ന് നിങ്ങൾക്കറിയാവുന്നതിനാൽ, നിങ്ങൾക്ക് കഴിയുന്നത്ര ആസൂത്രണം ചെയ്ത് തയ്യാറെടുക്കുക. പരിവർത്തനത്തിനുള്ള സമയം വരുമ്പോൾ അറിയാതെ പിടിക്കപ്പെടരുത്. ഈ പരിവർത്തനത്തെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളും ആലോചിച്ച് നന്നായി തയ്യാറാകുക.

## നിങ്ങൾ ആയിരിക്കുന്ന കാലഘട്ടം ആസ്വദിക്കൂ

ജീവിതത്തിന്റെ ഓരോ കാലഘട്ടവും ആസ്വദിക്കാൻ പഠിക്കണം. ജീവിതത്തിന്റെ ചില കാലഘട്ടങ്ങൾ മറ്റുള്ളവയെപ്പോലെ സുഖകരമല്ല. എന്നിരുന്നാലും, മുന്നോട്ടുള്ള പ്രയാണം ആസ്വദിക്കാൻ നിങ്ങൾ പഠിക്കണം, കാരണം ഓരോ കാലഘട്ടത്തിനും ഒരു മൂല്യമുണ്ട്.

## 'കെയ്റോസ്' എപ്പോഴാണ് സംഭവിക്കുന്നത്?

നേരത്തെ സൂചിപ്പിച്ചതുപോലെ, 'കെയ്റോസ്' എന്നത് നമ്മുടെ ജീവിതത്തെ ഉചിതമായ സമയമാക്കി മാറ്റുന്ന ചില സംഭവങ്ങളുടെ ഒത്തുചേരലാണ്. വ്യക്തിപരമായ കാര്യങ്ങളിൽ, 'കെയ്റോസ്' ദൈവത്തെക്കാൾ നമ്മെ ആശ്രയിച്ചിരിക്കുന്നു. ഉദാഹരണത്തിന്, നിങ്ങളുടെ ബിസിനസ്സ് അല്ലെങ്കിൽ ശുശ്രൂഷ ആരംഭിക്കുന്നതിനുള്ള 'കെയ്റോസ്' നിമിഷത്തിനായി നിങ്ങൾക്ക് കാത്തിരിക്കാം. തന്റെ ശുശ്രൂഷ ആരംഭിക്കാൻ കാത്തിരിക്കുന്ന ഒരു വ്യക്തിക്കായി ഈ വ്യക്തി ഒരുക്കപ്പെട്ടിരിക്കുന്നതായി ദൈവം കാണുമ്പോൾ 'കെയ്റോസ്' നിമിഷം വരും. തന്റെ ജീവിതത്തിലെ ദൈവത്തിന്റെ ഇടപെടലുകളോട് അവൻ എങ്ങനെ പ്രതികരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഈ തയ്യാറെടുപ്പ്. നല്ല സ്വഭാവ ഗുണങ്ങൾ, ഉദ്ദേശ ശുദ്ധി, ശരിയായ മനോഭാവം, ഒരു സേവകഹൃദയം എന്നിവ അവനിൽ വികസിക്കുന്നതുവരെ ദൈവം കാത്തിരിക്കും. ഒരിക്കൽ ദൈവം അവൻ ഈ പക്വത പ്രാപിക്കുന്നതായി കാണുമ്പോൾ, അവന്റെ ശുശ്രൂഷയുടെ സമാരംഭത്തിനുള്ള 'കെയ്റോസ്' നിമിഷം വരുന്നു. അതുവരെ ദൈവം ആവശ്യമുള്ളിടത്തോളം കാത്തിരിക്കും. ദൈവം ഒരിക്കലും തിടുക്കത്തിലല്ല.

# 5. സമയത്തിന്റെ പുനഃസ്ഥാപനം

**യോവേൽ 2:25**

**ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കു വേണ്ടി ഞാൻ നിങ്ങൾക്കു പകരം നല്കും.**

**സങ്കീർത്തനം 103:5**

**നിന്റെ യൌവനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായക്കു നന്മകൊണ്ടു തൃപ്തിവരുത്തുന്നു.**

**2 പത്രോസ് 3:8**

**എന്നാൽ പ്രിയമുള്ളവരേ, കർത്താവിന്നു ഒരു ദിവസം ആയിരം സംവത്സരംപോലെയും ആയിരം സംവത്സരം ഒരു ദിവസംപോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുതു.**

സമാപനത്തിൽ, സമയം പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ച് ഞാൻ കുറച്ച് പ്രസ്താവനകൾ നടത്തും. അ.പ്രവൃത്തികൾ 3:19-21-ൽ പറഞ്ഞിരിക്കുന്ന പുനഃസ്ഥാപനത്തിന്റെ സമയമാണെന്ന് മിക്ക ബൈബിൾ പണ്ഡിതന്മാരും വിശ്വസിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. വലിയ ശക്തിയിലേക്കും മഹത്വത്തിലേക്കും പുനഃസ്ഥാപിക്കപ്പെടുമ്പോൾ ഇത് സഭയിൽ നിവൃത്തിയായിത്തീരുകയാണ്. എന്നിരുന്നാലും, നാം തിരുവെഴുത്തുകളിൽ കാണുന്നതുപോലെ, ദൈവം പുനഃസ്ഥാപിക്കുമ്പോഴെല്ലാം തനിക്കും കൂടി വർദ്ധിക്കുന്നു (ഇയ്യോബ് 42:10). ദൈവം പുനഃസ്ഥാപിക്കുന്നത് യാഥാർഥ്യത്തിൽ ഉള്ളതിനേക്കാൾ വളരെ വലുതും മികച്ചതുമായിത്തീരുന്നു. ഇത് സമയത്തിന്റെ കാര്യത്തിലും ശരിയാണ്. സമയം ദൈവത്തെ നിയന്ത്രിക്കുന്നില്ല, എന്നാൽ ദൈവം സമയത്തെ നിയന്ത്രിക്കുന്നു. ദൈവത്തിന്റെ ഘടികാരത്തിൽ, സമയം നമ്മൾ ശീലിച്ചതിൽ നിന്ന് വ്യത്യസ്തമായി പ്രവർത്തിക്കുന്നു. നമ്മിൽ ചിലരുടെ ജീവിതത്തിൽ വെട്ടുക്കിളി ബാധിച്ചിരിക്കാം. ഈ സന്ദർഭത്തിൽ, വെട്ടുക്കിളികൾ

മാലിന്യത്തിന്റെയും നാശത്തിന്റെയും ഫലശൂന്യതയുടെയും പ്രതീകമാണ്. പാഴാക്കിയ (കാരണം എന്തുമാകട്ടെ) വർഷങ്ങൾ (സമയം) പുനഃസ്ഥാപിക്കാൻ ദൈവത്തിന് കഴിയും. നമ്മുടെ സ്വന്തം പ്രയത്നത്താൽ ഒരു സഹസ്രാബ്ദം കൊണ്ട് നമുക്ക് ഒരിക്കലും ചെയ്യാൻ കഴിയാത്തത് ഒരു വർഷത്തിനുള്ളിൽ തന്റെ ആത്മാവിനാൽ നിറവേറ്റാൻ അവന് നമ്മെ പ്രാപ്തരാക്കും. നമ്മുടെ ജീവിതത്തിൽ പാഴായിപ്പോകുന്ന സമയം വീണ്ടെടുക്കാൻ നമുക്ക് ദൈവത്തിലേക്ക് നോക്കാം.

# ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളി

(എ)) നേതാക്കളെ ശക്തിപ്പെടുത്തുക, (ബി) ശുശ്രൂഷയ്ക്കായി യുവാക്കളെ സജ്ജരാക്കുക, (സി) ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ കെട്ടിപ്പടുക്കുക എന്നീ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധകേന്ദ്രീകരിച്ച് ഇന്ത്യയിലുടനീളം പ്രത്യേകിച്ചും വടക്കേ ഇന്ത്യയിലെമ്പാടും എത്തിച്ചേരുന്നതിലൂടെ ഒരു പ്രാദേശിക സഭ എന്നതിന്റെ അതിരുകളും കടന്ന് ഓൾ പീപ്പിൾസ് ചർച്ച് ശുശ്രൂഷകൾ വർത്തിക്കുന്നു. യുവജനങ്ങൾക്കായുള്ള സെമിനാറുകൾ, ക്രിസ്തീയ നേതൃത്വ സെമിനാറുകൾ തുടങ്ങിയ ഒട്ടനേകം സെമിനാറുകൾ വർഷം മുഴുവനും നടത്തുന്നു. അതുകൂടാതെ, വിശ്വാസികൾ വചനത്തിലും ആത്മാവിലും ശക്തരായിത്തീരണം എന്ന ലക്ഷ്യത്തോടെ ഇംഗ്ലീഷിലും ഇന്ത്യയിലെ വ്യത്യസ്തങ്ങളായ ഭാഷകളിലും ആയിരക്കണക്കിന് പ്രസിദ്ധീകരണങ്ങൾ സൗജന്യമായി അച്ചടിച്ചു വിതരണം ചെയ്തു.

ഞങ്ങളുമായി പങ്കാളികളാകേണ്ടതിന് സാമ്പത്തികമായി ഒറ്റത്തവണയായോ പ്രതിമാസമായോ സംഭാവനകൾ അയയ്ക്കേണ്ടതിനായി ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാനായി നിങ്ങൾക്ക് അയയ്ക്കുവാൻ കഴിയുന്ന ഏതൊരു തുകയും വളരെ വിലമതിച്ചതായി ഞങ്ങൾ കണക്കാക്കും.

നിങ്ങൾക്ക് ചെക്ക്/ബാങ്ക് ഡ്രാഫ്റ്റ് എന്നിവ വഴിയായി സംഭാവനകൾ “All Peoples Church” എന്ന പേരിൽ മാറാവുന്ന നിലയിൽ ഞങ്ങളുടെ വിലാസത്തിലേക്ക് അയയ്ക്കാവുന്നതാണ്. അതുകൂടാതെ നിങ്ങളുടെ സംഭാവനകൾ ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടും അയയ്ക്കാവുന്നതാണ്.

Account Name: All Peoples Church
Account Number: 0057213809
IFSC Code: CITI0000004
Bank: Citibank N.A., No. 5, M.G. Road, Bengaluru, Karnataka 560001

ദയവായി ശ്രദ്ധിക്കുക: ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യയിൽ അധിഷ്ഠിതമായ ബാങ്കുകളിൽ നിന്നു മാത്രമേ ബാങ്ക് വഴിയുള്ള സംഭാവനകൾ സ്വീകരിക്കുവാൻ കഴിയൂ. നിങ്ങളുടെ സംഭാവന നിങ്ങൾ

അയയ്ക്കുമ്പോൾ, ആവശ്യമെങ്കിൽ, നിങ്ങളുടെ സംഭാവന ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന നിർദ്ദിഷ്ട എപിസി മിനിസ്ട്രി ഏരിയ നിങ്ങൾക്ക് സൂചിപ്പിക്കുവാൻ കഴിയുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ***apcwo.org/give*** സന്ദർശിക്കുക.

കൂടാതെ നിങ്ങൾക്ക് സാധിക്കുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷകൾക്കുമായി പ്രാർത്ഥക്കുവാൻ ഓർമ്മിക്കുമല്ലോ. **നന്ദി, ദൈവം അനുഗ്രഹിക്കട്ടെ.**

മുകളിലുള്ള എല്ലാം പ്രസിദ്ധീകരണങ്ങളുടെയും PDF പതിപ്പുകൾ ഞങ്ങളുടെ ചർച്ചിന്റെ വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ് (apcwo.org/publications). ഇവയിൽ മിക്ക പ്രസിദ്ധീകരണങ്ങളും മറ്റ് ഭാഷകളിലും ലഭ്യമാണ്.
പ്രസിദ്ധീകരണങ്ങളുടെ സൗജന്യ പതിപ്പുകൾ ലഭിക്കുന്നതിനായി bookrequest@apcwo.org ലേക്ക് ഒരു ഇമെയിൽ അയയ്ക്കുക.

*pdf ൽ മാത്രം ലഭ്യമാണ്

സൗജന്യ ദൃശ്യ, ശ്രാവ്യ സന്ദേശങ്ങൾ, പ്രസംഗ കുറിപ്പുകൾ, നിങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന മറ്റ് നിരവധി വിഷയങ്ങൾ എന്നിവയ്ക്കായി ഞങ്ങളുടെ ചർച്ചിന്റെ വെബ്സൈറ്റ് സന്ദർശിക്കുക

# സൌജന്യ പ്രസിദ്ധീകരണങ്ങൾ

ഒരു സഭ ഉണർവ്വിൽ*
സ്വർഗ്ഗം എന്ന് വിളിക്കുന്ന ഒരു യഥാർത്ഥസ്ഥലം
ഓരോ ഉദ്ദേശ്യത്തിനും ഒരു സമയം
പുരാതന നാഴികക്കല്ലുകൾ*
ആത്മസ്നാനം
ആത്മീയചിന്താഗതിയും ഭൗമീക ജ്ഞാനവും
ജോലിയോടുള്ള ബൈബിളിന്റെ മനോഭാവം
വ്യക്തിഗതവും തലമുറപരവുമായ അടിമത്തങ്ങളെ തകർക്കുക
പരിവർത്തനം*
ഉപചാരസംഹിത
ദൈവപ്രീതി*
സിറ്റിവൈഡ് സഭയിലെ ദിവ്യക്രമം
നിങ്ങളുടെ വിളിയിൽ വിട്ടുവീഴ്ചയരുത്*
പ്രതീക്ഷ നഷ്ടപ്പെടുത്തരുത്
വിശുദ്ധരെ സജ്ജമാക്കുക
അടിസ്ഥാനങ്ങൾ (ട്രാക്ക് 1)
നിങ്ങളുടെ ജീവിതത്തിലെ ദൈവോദ്ദേശം നിറവേറ്റുക
ദൈവോദ്ദേശ്യങ്ങൾക്ക് ജന്മം നൽകുക*
ദൈവം ഒരു നല്ല ദൈവമാണ്
ദൈവത്തിന്റെ വചനം
നിങ്ങളുടെ ഇടയനെ എങ്ങനെ സഹായിക്കാം
സമഗ്രത
രാജ്യനിർമ്മാതാക്കൾ
അടിവേരുകൾക്ക് കോടാലി വയ്ക്കുക
കലഹമില്ലാത്ത ജീവിതം*
വിവാഹവും കുടുംബവും
രോഗശാന്തിയും വിടുതലിൻ ശുശ്രൂഷയും
കുറ്റകൃത്യങ്ങൾ-അവയെ പുണരരുത്
തുറന്ന സ്വർഗ്ഗങ്ങൾ*
നമ്മുടെ വീണ്ടെടുപ്പ്
ദൈവീക മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കുക
ഉണർവ്വുകൾ, ദൈവീക സന്ദർശനങ്ങളും നീക്കങ്ങളും
ശ്..ശ്..! പരദൂഷണം വേണ്ട!
നിങ്ങളുടെ വിശ്വാസം സംസാരിക്കുന്നു*
മനസ്സിന്റെ വിജയം
പിതാവിന്റെ സ്നേഹം
ദൈവത്തിന്റെ ഭവനം
ദൈവരാജ്യം
യേശുവിന്റെ മഹിമയുള്ള നാമം*
ജീവിതത്തിന്റെ രാത്രിയാമങ്ങൾ
പ്രതിബദ്ധതയുടെ ശക്തി*
ദൈവത്തിന്റെ സാന്നിദ്ധ്യം
വീണ്ടെടുക്കുന്ന ദൈവഹൃദയം
ഊതിക്കഴിക്കുന്നവന്റെ അഗ്നി
ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ശക്തിയുടെയും ആത്മാവ്*
അന്യഭാഷയുടെ അത്ഭുതഗുണങ്ങൾ
ജോലിസ്ഥലത്തിനായുള്ള കാലാതീതമായ തത്വങ്ങൾ
പ്രവചനങ്ങളെ അറിയുക
ജലസ്നാനം
നാം വ്യത്യസ്തരാണ്*
ക്രിസ്തുവിൽ നാം ആരാണ്
സ്ത്രീകളും തൊഴിലിടവും
അതിന്റെ യഥാർത്ഥ രൂപകൽപ്പനയിൽ പ്രവർത്തിക്കുക.

മുകളിലുള്ള എല്ലാം പ്രസിദ്ധീകരണങ്ങളുടെയും PDF പതിപ്പുകൾ ഞങ്ങളുടെ ചർച്ചിന്റെ വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ് (apcwo.org/publications). ഇവയിൽ മിക്ക പ്രസിദ്ധീകരണങ്ങളും മറ്റ് ഭാഷകളിലും ലഭ്യമാണ്. പ്രസിദ്ധീകരണങ്ങളുടെ സൗജന്യ പതിപ്പുകൾ ലഭിക്കുന്നതിനായി bookrequest@apcwo.org ലേക്ക് ഒരു ഇമെയിൽ അയയ്ക്കുക.

*pdf ൽ മാത്രം ലഭ്യമാണ്

സൗജന്യ ദൃശ്യ, ശ്രാവ്യ സന്ദേശങ്ങൾ, പ്രസംഗ കുറിപ്പുകൾ, നിങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന മറ്റ് നിരവധി വിഷയങ്ങൾ എന്നിവയ്ക്കായി ഞങ്ങളുടെ ചർച്ചിന്റെ വെബ്സൈറ്റ് സന്ദർശിക്കുക (apcwo.org/sermon)

# ഓൾ പീപ്പിൾസ് ചർച്ചിനെക്കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിന്റെ (APC) ദർശനം എന്നത്, ഞങ്ങൾ ബാംഗ്ലൂർ പട്ടണത്തിന്റെ ഉപ്പും വെളിച്ചവും ആയിരിക്കുന്നതോടൊപ്പം ഇന്ത്യയുടെയും ലോകരാജ്യങ്ങളുടെയും ശബ്ദവുമാകുക എന്നുള്ളതാണ്.

ദൈവത്തിന്റെ പരിശുദ്ധാത്മാഭിഷേകത്തിലും പ്രത്യക്ഷപ്രകടനത്തിലും പൂർണ്ണതയുള്ളതും വിട്ടുവീഴ്ചകൾ ചെയ്യാതെയും ദൈവവചനം അറിയിക്കുവാൻ എപിസി പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സൃഷ്ടിപരമായ അവതരണങ്ങൾ, ബുദ്ധിമാന്മാരായ ന്യായവാദികൾ, സമകാലിക ശുശ്രൂഷാ വിദ്യകൾ, ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ തുടങ്ങിയവ, സുവിശേഷ ഘോഷണത്തിന് ദൈവനിയമിതമായ പരിശുദ്ധാത്മ അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, പരിശുദ്ധാത്മ വരങ്ങളുടെയും മറ്റും പരിശുദ്ധാത്മ ഇടപെടലുകൾക്ക് പകരം വയ്ക്കാവുന്നതല്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു (1 കൊരിന്ത്യർ 2:4,5; എബ്രായർ 2:3,4). ഞങ്ങളുടെ പ്രതിപാദ്യവിഷയം യേശു, ഞങ്ങളുടെ ഉള്ളടക്കം വചനം, ഞങ്ങളുടെ രീതി ദൈവാത്മാവിന്റെ ശക്തി, ഞങ്ങളുടെ തല്പരത മനുഷ്യർ, ഞങ്ങളുടെ ലക്ഷ്യം ക്രിസ്താനുസൃതമായ പക്വത.

ബാംഗ്ലൂരിലെ ഞങ്ങളുടെ കേന്ദ്രസ്ഥാപനമായ ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യയിൽ മറ്റ് നിരവധി സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ചിന്റെ സഭകൾ സ്ഥിതി ചെയ്യുന്ന സ്ഥലവിവരങ്ങൾ ലഭിക്കുന്നതിന് ഞങ്ങളുടെ വെബ്സൈറ്റായ **www.apcwo.org/locations** സന്ദർശിക്കുക. അല്ലെങ്കിൽ **www.apcwo.org/locations** ലേക്ക് ഇമെയിൽ അയയ്ക്കുക.

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ലോകത്തിലേക്ക് വന്നു. അവന്റെ പേരാണ് യേശു. തികച്ചും പാപരഹിതമായ ഒരു ജീവിതം താൻ നയിച്ചു. ദൈവം ജഡത്തിൽ യേശുവായി വന്നതുകൊണ്ട് അവൻ പറഞ്ഞും പ്രവർത്തിച്ചും ദൈവമായി നമുക്ക് വെളിപ്പെട്ടു. അവൻ പറഞ്ഞവയെല്ലാം ദൈവത്തിന്റെ യഥാർത്ഥ വാക്കുകളായിരുന്നു. അവൻ ചെയ്ത പ്രവൃത്തികളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ലോകത്തിൽ അനവധി അത്ഭുതങ്ങൾ ചെയ്തു. രോഗികളെയും കഷ്ടതയനുഭവിക്കുന്നവരെയും അവൻ സൗഖ്യമാക്കി. അവൻ കുരുടന് കാഴ്ച നൽകി, ബധിരന് കേൾവി നൽകി, മുടന്തനെ നടക്കുമാറാക്കി. കൂടാതെ എല്ലാ രോഗങ്ങളെയും ബാധകളെയും അവൻ സൗഖ്യമാക്കി. അവൻ അപ്പത്തെ അത്ഭുതകരമായി വർദ്ധിപ്പിച്ച് ബഹുജനത്തിന് വിശപ്പകറ്റുകയും, കൊടുങ്കാറ്റിന്റെ ശൗര്യത്തെ ശമിപ്പിക്കുകയും മറ്റനവധി അടയാളങ്ങളും അത്ഭുതങ്ങളും പ്രവൃത്തിക്കുകയും ചെയ്തു.

**ദൈവത്തിന്റെ ഇവ്വിധമുള്ള എല്ലാ പ്രവൃത്തികളും, മനുഷ്യരെല്ലാവരും ആരോഗ്യത്തോടും സന്തോഷത്തോടും സുഖമായും ഇരിക്കേണമെന്നാണ് അവൻ ആഗ്രഹിക്കുന്നതെന്ന കാര്യം വെളിപ്പെടുത്തുകയാണ്.**

അപ്പോൾ എന്തകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ലോകത്തിലേക്ക് ഇറങ്ങിവരേണമെന്ന് തീരുമാനിച്ചത്? എന്തിനാണ് യേശു വന്നത്?

നമ്മെ സൃഷ്ടിച്ചവനായ ദൈവത്തിന്റെ മുമ്പാകെ ദൈവത്തിന് സ്വീകാര്യമല്ലാത്ത പാപപ്രവൃത്തി നാമെല്ലാവരും ചെയ്തു. പാപത്തിന് അതിന്റെ പരിണിതഫലമുണ്ട്. പാപം എന്നത് ദൈവത്തിന്റേയും നമ്മുടെയും ഇടയ്ക്കുള്ള ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്ന് വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിനും അവനുമായി അർത്ഥവത്തായ ബന്ധം സ്ഥാപിക്കുന്നതും ഇത് തടയുന്നു. അതുകൊണ്ട്, ഈ ശൂന്യത

പരിഹരിക്കുന്നതിന് മറ്റു പല കാര്യങ്ങളും ചെയ്യുവാൻ നമ്മിൽ പലരും ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലമാണ് ദൈത്തിൽ നിന്നുള്ള നിത്യമായ വേർപാട്. ദൈവത്തിന്റെ കോടതിയിൽ പാപത്തിന്റെ ശിക്ഷ എന്നത് മരണമാണ്. ശാശ്വതമായി ദൈവത്തിൽ നിന്ന് നരകത്തിൽ വേർപെടുന്നതാണ് മരണം.

എന്നാൽ, സന്തോഷവാർത്ത എന്നത്, നമുക്ക് പാപത്തിൽ നിന്ന് രക്ഷപ്പെടുവാനും ദൈവീക ബന്ധത്തോട് പൂർവ്വസ്ഥിതിയിലേക്ക് ആകുവാനും സാധിക്കും എന്നതാണ്. ബൈബിൾ പറയുന്നത്, **"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമർ 6:23).** യേശു ക്രൂശിൽ മരണം വരിച്ചപ്പോൾത്തന്നെ മുഴുലോകത്തിന്റേയും പാപത്തിന് മറുവില നൽകിക്കഴിഞ്ഞു. മൂന്ന് ദിനങ്ങൾക്ക് ശേഷം അവൻ ഉയർത്തെഴുന്നേൽക്കുകയും അനേകർക്ക് തന്നെത്തന്നെ വെളിപ്പെടുത്തിയശേഷം സ്വർഗ്ഗത്തിലേക്ക് പോകുകയും ചെയ്തു.

ദൈവം സ്നേഹത്തിന്റേയും കരുണയുടെയും ദൈവമാണ്. ഒരു മനുഷ്യനും നരകത്തിൽ നഷ്ടപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നില്ല. ആയതിനാൽ അവൻ വന്ന് മാനുഷകുലത്തിന് മുഴുവൻ പാപപരിഹാരത്തിനുള്ള വഴി ഒരുക്കുകയും എന്നേയ്ക്കുമുള്ള അതിന്റെ ഫലം അനുഭവിക്കുവാൻ ഇടയാക്കുകയും ചെയ്തു. അവൻ എന്നെയും നിങ്ങളെയും പോലെയുള്ള പാപികളെ നിത്യമായ മരണത്തിൽ നിന്ന് രക്ഷിപ്പാനാണ് വന്നത്.

ഈ സൗജന്യമായ പാപക്ഷമ സ്വീകരിക്കുവാൻ നാം ഒരു കാര്യം മാത്രം ചെയ്യുവാനാണ് ബൈബിൾ ആവശ്യപ്പെടുന്നത് - **"അവനിൽ വിശ്വസിക്കുന്ന ഏവന്നും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു" (അ.പ്രവർത്തികൾ 10:43).**

**"യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ താങ്കൾക്കും പാപക്ഷമയും ശുദ്ധീകരണവും സ്വീകരിക്കുവാൻ കഴിയും.

താഴെ കാണുന്ന വിധം ലളിതമായ ഒരു പ്രാർത്ഥന കഴിച്ചാൽ കർത്താവായ യേശുക്രിസ്തു താങ്കൾക്കുവേണ്ടി ക്രൂശിൽ നിവർത്തിച്ചത് എന്തെന്ന് അറിയുവാനും അവനിൽ വിശ്വസിക്കുവാനുള്ള തീരുമാനവും എടുക്കുവാൻ സഹായകമാകും. ഈ പ്രാർത്ഥനയിലൂടെ, താങ്കൾക്കുവേണ്ടി യേശു ചെയ്ത കാര്യങ്ങളെ അംഗീകരിപ്പാനും അതിലൂടെ നിങ്ങൾക്ക് പാപക്ഷമയും ശുദ്ധീകരണവും പ്രാപിക്കുവാൻ സാധിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശി മാത്രമാണ്. നിങ്ങളുടേതായ സ്വന്തവാക്കുകളിലും നിങ്ങൾക്ക് പ്രാർത്ഥിക്കാവുന്നതാണ്.

*സ്നേഹവാനായ കർത്താവായ യേശുവേ, അവിടുന്ന് എനിക്കുവേണ്ടി ക്രൂശിൽ ചെയ്തത് എന്തെന്ന് ഇന്ന് എനിക്ക് ബോധ്യമായി. അവിടുന്ന് എനിക്കുവേണ്ടിയാണ് മരിച്ചത്, എന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തമായാണ് അങ്ങയുടെ വിലയേറിയ രക്തം ഒഴിക്കിയത്, അതുകൊണ്ട് എനിക്ക് പാപക്ഷമ ലഭിക്കും. ബൈബിൾ എന്നോടു പറയുന്നത്, നിങ്ങളിൽ ആരെല്ലാം അങ്ങയിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾ ക്ഷമിക്കുമെന്നാണ്.*

*എനിക്കുവേണ്ടി അങ്ങ് ക്രൂശിൽ മരിക്കുകയും മരണത്തിൽ നിന്ന് അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്നും ഞാൻ അംഗീകരിക്കുകുയും വിശ്വസിക്കുകയും ചെയ്യുന്നു എന്ന് ഞാൻ ഇന്ന് തീരുമാനമെടുക്കുന്നു. എന്റെ നല്ലപ്രവർത്തികൾകൊണ്ട് എനിക്ക് എന്നെത്തന്നെ രക്ഷിക്കുവാൻ സാധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. മാത്രമല്ല ഒരു മനുഷ്യനും അതിന് സാധ്യമല്ല എന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങളുടെ ക്ഷമ നേടിയെടുക്കുവാനും എനിക്ക് സ്വതവേ സാധ്യമല്ല.*

*അവിടുന്ന് എനിക്കുവേണ്ടി മരിച്ചു എന്നും, എന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം അവിടുന്ന് വരുത്തി എന്നും, മരണത്തിൽ നിന്നും അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്നും, ഇന്ന് ഞാൻ വിശ്വസിക്കുകയും വിശ്വാസത്താൽ എന്റെ പാപങ്ങളുടെ ക്ഷമയും വിശുദ്ധീകരണവും ഞാൻ സ്വീകരിക്കുകയും ചെയ്യുന്നു...*

*നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, കൂടുതൽ അറിയുവാനും, അങ്ങയോടു വിശ്വസ്തനായിരിപ്പാനും അവിടുന്ന് എന്നെ സഹായിക്കേണമേ. ആമേൻ.*

**ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യൂ!**


ആപ്ലിക്കേഷനു വേണ്ടി തിരയുക

ആപ്പ് സ്റ്റോറിലോ ഗൂഗിൽ പ്ലേ സ്റ്റോറിലോ

"All Peoples Church Bangalore"

Available on the App Store

ANDROID APP ON Google play







ദിവസേന 5-മിനിറ്റ് ദൈർഘ്യമുള്ള ഒരു ധ്യാനസന്ദേശ വീഡിയോ

ദിവസേനയുള്ള ബൈബിൾ വായനയ്ക്കും പ്രാർത്ഥനയ്ക്കുമുള്ള മാർഗ്ഗദർശി

5 മിനിറ്റുള്ള പ്രസംഗ സംഗ്രഹം

വിശ്വാസവർദ്ധനവിനും സുവിശേഷീകരണത്തിന് പ്രയോജനപ്പെടുന്നതുമായ അറിവുകളെ സ്വായത്തമാക്കുവാനുള്ള തിരുവചന മാർഗ്ഗദർശികൾ

പ്രസംഗങ്ങൾ, പ്രസംഗക്കുറിപ്പുകൾ, ടെലിവിഷൻ പ്രോഗ്രാമുകൾ, പുസ്തകങ്ങൾ, ഗാനങ്ങൾ തുടങ്ങിയവ താങ്കൾക്ക് ഇത് ഇഷ്ടപ്പെട്ടുവെങ്കിൽ, മറ്റുള്ളവർക്കും ഇത് പങ്കുവയ്ക്കുക!

**All Peoples Church**
**Bible College and Ministry Training Center**

ഇന്ത്യയിലെ ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ് & മിനിസ്ട്രി ട്രെയ്നിംഗ് സെന്റർ (APC-BC) ആത്മനിറവും, പരിശുദ്ധാത്മാവിന്റെ അഭിഷേകം നിറഞ്ഞതുമായ അമാനുഷിക ശക്തി ഏറ്റെടുത്ത് ശുശ്രൂഷിക്കുവാനും, അതൊടൊപ്പം ഉപദേശപരമായും ബൗദ്ധികമായും ദൈവവചനം പഠിക്കുവാനും ഉള്ള ഉത്തേജനം നൽകുന്നു. ദൈവവചനത്തെക്കുറിച്ച് ആഴത്തിലുള്ള അവഗാഹവും, ദൈവിക സ്വഭാവം സ്വായത്തമാക്കുവാനും, അടയാളങ്ങളാലും അത്ഭുതങ്ങളാലും പ്രകടമാകുന്ന ശുശ്രൂഷയും പ്രാപ്യമാകുന്നതിലൂടെ ദൈവവേലയെ വളർത്തിയെടുക്കാമെന്നും ഇവയെല്ലാം കർത്താവുമായുള്ള അകമഴിഞ്ഞ ഒരു ബന്ധത്തിലേക്ക് നയിക്കപ്പെടുന്നതിലൂടെ സാധ്യമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

APC-BC യിൽ, പ്രകടമാകേണ്ടുന്ന ദൈവസ്നേഹം സ്വായത്തമാക്കുവാനും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും അമാനുഷികമായ ദൈവപ്രവൃത്തികൾക്കും പ്രത്യേകം ഊന്നൽ നൽകുന്ന വിധത്തിലുമുള്ള അധ്യാപനമാണ് നൽകുന്നത്. ധാരാളം യുവതീയുവാക്കൾ ഇതിനോടകം പരിശീലിപ്പിക്കപ്പെടുകയും അവരിൽ ദൈവവിളി നിറവേറ്റുന്നതിനായി അയയ്ക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

മൂന്ന് പ്രോഗ്രാമുകളാണ് ഞങ്ങൾ നൽകുന്നത്:

ഒരു വർഷത്തെ Certificate in Theology and Christian Ministry (C.Th.)
രണ്ടു വർഷത്തെ Diploma in Theology and Christian Ministry (Dip.Th.)
മൂന്നു വർഷത്തെ Bachelor in Theology and Christian Ministry (B.Th.)
ദിവസേന വന്നുപോകുന്നവർക്ക് **തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ 9:00am - 1:00pm** വരെയും, ജോലിയുള്ളവർക്കും, ഗൃഹസ്ഥരായവർക്കും ഉച്ചയ്ക്കു ശേഷം 1 മണിക്കും ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. താമസിച്ചു പഠിക്കുവാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കൾക്ക് വെവ്വേറെ താമസ സൗകര്യങ്ങൾ ലഭ്യമാണ്. എല്ലാ പ്രവൃത്തി ദിനങ്ങളിലും ഉച്ചകഴിഞ്ഞ് 2:00-5:00 വരെയുള്ള സമയങ്ങളിൽ ഫീൽഡ് വർക്കിനും, പ്രത്യേകമായുള്ള സെമിനാറുകൾക്കും, പ്രാർത്ഥന, ആരാധന സമയങ്ങളിലും

പഠിതാക്കൾ പങ്കാളികളാകുന്നു. ഉച്ചകഴിഞ്ഞുള്ള സെഷനുകളിൽ ഹോസ്റ്റലിൽ താമസിച്ചു പഠിക്കാത്തവർ പങ്കെടുക്കേണമെന്ന് നിർബന്ധമില്ല. എല്ലാ വാരാന്ത്യത്തിലും ഓരോ പഠിതാവും ഒന്നോ അതിലധികമോ സഭകളിൽ പങ്കെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു.

ഓൺലൈനായി അപേക്ഷിക്കുന്നതിനും കോളേജിന്റെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, പഠനചെലവുകൾ, അപേക്ഷാ ഫോം എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ദയവായി സന്ദർശിക്കുക: **apcwo.org/biblecollege**

APC-BC is accredited by the Nations Association for Theological Accreditation (NATA).

ലോകസ്ഥാപനം മുതൽ, അല്ലെങ്കിൽ ഒരുപക്ഷെ കഴിഞ്ഞ നിത്യത മുതൽ- അജ്ഞാതകാലം മുതൽ ഇന്നുവരെ അടിച്ചുകൊണ്ടിരിക്കുന്ന  ഒരു ഘടികാരം ദൈവത്തിനുണ്ട് എന്ന വസ്തുത പരിഗണിക്കാൻ നിങ്ങൾ എപ്പോഴെങ്കിലും ഒന്ന് നിന്നിട്ടുണ്ടോ? നിങ്ങളുടെ വ്യക്തിജീവിതത്തിനായി ദൈവത്തിന് ഒരു ഘടികാരം ഉണ്ടെന്ന് നിങ്ങൾക്കറിയാമോ? നിങ്ങളുടെ കൈത്തണ്ടയിലെ വാച്ചിന്റെയോ ചുമരിലെ ഘടികാരത്തിന്റെയോ അനുസരിച്ചല്ല, മറിച്ച് ദൈവത്തിന്റെ ഘടികാരത്തിനനുസരിച്ച് നിങ്ങളുടെ ജീവിതം ക്രമീകരിക്കാൻ നിങ്ങൾ എപ്പോഴെങ്കിലും പരിശ്രമിക്കുകയോ ആഗ്രഹിക്കുകയോ ചെയ്തിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിലെ ഏതു സമയത്തും ദൈവം നിങ്ങളുടെ ജീവിതത്തിനായി നിശ്ചയിച്ചിരിക്കുന്ന സമയത്ത് നിങ്ങൾ എന്ത് ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ അത് ചെയ്യുക എന്നുള്ളത് തന്നെയാണ് നിങ്ങളെക്കുറിച്ചുള്ള ദൈവേഷ്ടം എന്ന് തിരിച്ചറിയുന്നത് നിങ്ങൾക്ക് എത്ര പ്രാധാന്യമർഹിക്കുന്നതാണ്?

ഇവ വെല്ലുവിളി നിറഞ്ഞ ചോദ്യങ്ങളാണ്, കൂടാതെ ദൈവത്തിന്റെ ഘടികാരത്തിലൂടെ നമ്മുടെ ജീവിതത്തെ അറിയാനും ക്രമീകരിക്കാനും പഠിക്കേണ്ടത് പ്രധാനമാണ്. വ്യക്തികൾ എന്ന നിലയിൽ നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ സമയം വിവേചിച്ചറിയാനും മനസ്സിലാക്കാനും പഠിക്കാനും ഈ പുസ്തകം നമ്മെ സഹായിക്കും.

ആശിഷ് റൈച്ചൂർ

**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91-80-25452617
Email: contact@apcwo.org
Website: apcwo.org